KANDANAD
# DIOCESAN BULLETIN
A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

Vol. 3 No. 1, 15 January 2015

എഡിറ്റോറിയൽ

# ഖർ വാപ്പസി

**നാം** ഈയിടെ കേട്ടു തുടങ്ങിയ ഒരു പ്രയോഗമാണ് 'ഖർ വാപ്പസി.' 'വീട്ടിലേക്കുള്ള തിരിച്ചുവരവ്' എന്നാണ് ഇതിന്റെ അർത്ഥം. ഒരു പ്രത്യേക ആശയമാണ് ഇതുൾക്കൊള്ളുന്നത്. കാലാകാലങ്ങളിൽ ഹിന്ദു മതത്തിൽ നിന്ന് അന്യമതങ്ങളിലേക്ക് മാറിയവരുടെ മാതൃമതത്തിലേക്കുള്ള മടങ്ങിയെത്തൽ എന്ന അർത്ഥമാണ് ഇതിന് കൽപിക്കപ്പെടുന്നത്. അതിനുള്ള മതപരമായ ചടങ്ങായി ഇതു വ്യവഹരിക്കപ്പെടുന്നു. ഉറച്ച ഹിന്ദുമതവിശ്വാസമുള്ള ചില സംഘടനകൾ ഇന്ന് അതിനെഒരു പ്രസ്ഥാനമാക്കി വളർത്തിക്കൊണ്ടുവരാനുള്ള ശ്രമത്തിലാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും ജനങ്ങൾ കൂട്ടമായി ഇതിനു വിധേയപ്പെടുന്നു. ഇസ്ലാം–ക്രൈസ്തവ മതങ്ങളിൽ അനല്പമായ അങ്കലാപ്പു സൃഷ്ടിക്കുവാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ ഇതിന്റെ പ്രസക്തി അവഗണിക്കാൻ ആവുന്നതല്ല.

ഇവിടത്തെ മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും ഹൈന്ദവ പൈതൃകം അനിഷേധ്യമാണ്. പല കാലങ്ങളിലായി വിവിധ കാരണങ്ങളാലും തരത്തിലും ഹൈന്ദവ ധർമ്മം വിട്ടുപോന്നവരാണ് അവർ. പ്രേരണയും, പ്രലോഭനവും ഭീക്ഷണിയും വരെ ഇതിന്റെ പിന്നിൽ നടന്നിട്ടുണ്ട്. ഹിന്ദുധർമ്മം ഹിന്ദുമതമായി ദൃഢത പ്രാപിക്കുന്നതിനുമുമ്പും അതു സംഭവിക്കാത്ത മേഖലകളിലുമാണ് ഇതു കൂടുതലായി സംഭവിച്ചിട്ടുള്ളതും സംഭവിച്ചുകൊണ്ടിരിക്കുന്നതും. എന്നാൽ ഹൈന്ദവരിൽ സ്വത്വബോധം പ്രബലപ്പെട്ടു വരുന്ന സാഹചര്യത്തിൽ അവരുടെ അംഗശോഷണത്തിനെതിരെ പ്രതികരണമുണ്ടാകുന്നത് സ്വാഭാവികമാണ്. ഇതിനിടയിൽ 'ഭാരത സുവിശേഷീകരണത്തിനും' 'ലൗ ജിഹാദി'നും മറ്റുമുള്ള ആഹ്വാനങ്ങൾ ആ പ്രതികരണത്തിന് മൂർച്ച കൂട്ടുമെന്ന് ഉറപ്പാണ്. എല്ലാമതങ്ങളും അവയുടെ ഉപവിഭാഗങ്ങളും കൂടുതൽ ദൃഢത ഭാവിച്ചും പ്രാപിച്ചും വരുന്ന കാലമാണിത്. ഈ പശ്ചാത്തലത്തിൽ വേണം ഖർ വാപ്പസിയെ മനസ്സിലാക്കുവാനും വിലയിരുത്താനും.

ഇന്ത്യ ഒരു ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ്, സെക്യുലർ റിപ്പബ്ലിക് ആണെന്ന് അതിന്റെ ഭരണഘടന ഉദ്ഘോഷിക്കുന്നു. എന്നാൽ ഇന്ത്യൻ സെക്കുലറിസത്തിന് ഒരു പ്രത്യേക അർത്ഥമാണ് നൽകപ്പെടുന്നത്. സെക്യുലർ എന്നതിന്റെ കണിശമായ അർത്ഥം 'മതനിഷേധ,' 'മതവുമായി ബന്ധമില്ലാത്ത' എന്നാണ്. എന്നാൽ 'എല്ലാമതങ്ങൾക്കും തുല്യമായ പരിഗണന നല്കുന്ന' എന്ന നിർവ്വചനമാണ് ഇന്ത്യയിൽ അതിനു സങ്കല്പിക്കപ്പെടുന്നത്. പ്രയോഗതലത്തിൽ ഇവ രണ്ടുമല്ലതാനും. 'സമ്മർദ്ദ പ്രഹരശേഷികൾക്കനുസരിച്ച് മതങ്ങൾക്കും സമുദായങ്ങൾക്കും പരിഗണന നല്കുന്ന' എന്ന അർത്ഥമാണ് സർക്കാരും രാഷ്ട്രീയകക്ഷികളും ഇവിടെ സ്വീകരിച്ചുവരുന്നത്. തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥി നിർണ്ണയം പോലും മതത്തിന്റെയും ജാതിയുടെയും അംഗബലവും മേൽക്കൈയും നോക്കിയാണ്. അതുകൊണ്ടുതന്നെയാണ് ഇന്ത്യൻ സെക്യുലറിസത്തെ 'കപട' (pseudo) എന്നു ചേർത്തു വിളിക്കാറുള്ളത്.

ഈ നിലയ്ക്ക് രാഷ്ട്രീയമായിപ്പോലും മതങ്ങളുടെ അംഗസംഖ്യ ഇവിടെ പ്രധാനപ്പെട്ടതാണ്. തന്മൂലം അതു നിലനിർത്തുവാനും വർദ്ധിപ്പിക്കുവാനുമുള്ള ശ്രമമുണ്ടാകുന്നു. ഇത് വിട്ടുപോയവരെ തിരികെ വരുത്താനും മാതൃമതങ്ങൾക്ക് പ്രചോദനമാകുന്നു. അതിൽ ആശങ്കപ്പെടാനും പ്രതിഷേധിക്കാനും എന്തിരിക്കുന്നു? ഞാൻ കോളജിൽ പഠിച്ചിരുന്ന കാലത്ത് അവിടെ മൂന്ന് അധ്യാപകർക്ക് ജോലി നൽകി സഭാപരിവർത്തനം നടത്തിയതിന് ഞാൻ ദൃക്സാക്ഷിയാണ്. അതിൽ ഒരാൾ ഒരു പുരോഹിതനുമായിരുന്നു. അദ്ദേഹത്തിന് അന്ത്യകാലത്ത് ഖർ വാപ്പസിക്ക് ആഗ്രഹമുണ്ടായിരുന്നു എന്നാണ് കേൾക്കുന്നത്. മാപ്പിള ലഹളക്കാലത്ത് എന്താണ് സംഭവിച്ചത്? പൊതുവേ പറഞ്ഞാൽ ഇവിടെ നടന്നിട്ടുള്ള മതപരിവർത്തനങ്ങളിൽ പ്രലോഭനങ്ങളും ബലപ്രയോഗവും പാടെ നിഷേധിക്കാനാവില്ല.

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**ഖർ വാപ്സി** .......................................... 1

**പരി. പാത്രിയർക്കീസ് ബാവയുടെ സന്ദർശനം മലങ്കര സഭയുടെ നന്മയ്ക്കായി തീരട്ടെ!** .......... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**സഭയും സ്ഥാപനങ്ങളും – ഒരനുബന്ധം** ........... 5
എ.ജി. ജെയിംസ്, പാലക്കുഴ

**ക്ഷയം** ................................................ 7
ഡോ. ചാണ്ടി പോൾ

**അറിയുക അഥവാ പരിഗ്രഹിക്കുക** .............. 10
ഫാ. ഡോ. ജോർജ്ജ് കോശി, ന്യൂയോർക്ക്

**ആദിമസഭ ഉർത്തുന്ന മാതൃകയും വെല്ലുവിളിയും** ....................... 13
ഡോ. തോമസ് അത്താനാസ്യോസ്

**ആത്മാവിൽ ദരിദ്രരായവർ** ....................... 15
കെ. വി. എൽദോ


എല്ലാ മതങ്ങളും മനുഷ്യരെ സത് ജീവിതത്തിനു പ്രേരിപ്പിക്കുന്ന ഒരേലക്ഷ്യമാർഗ്ഗങ്ങളാണ് എന്ന ചിന്തയാണ് വിവേകമതികൾ ഇന്ന് വച്ചുപുലർത്തുന്നത്. ഒരു മതത്തിനും ആത്മരക്ഷയുടെ കുത്തക അവകാശപ്പെടാനുമില്ല. അവകാശപ്പെട്ടാൽ മറ്റുള്ളവർ അംഗീകരിക്കണമെന്നുമില്ല. ഓരോ മതത്തിനും അതിന്റേതായ വിശ്വാസങ്ങളും, ആചാരാനുഷ്ഠാനങ്ങളും, രക്ഷാമാർഗ്ഗങ്ങളുമുണ്ട്. ഏതു ശരിയെന്നുള്ളതിനുള്ള അല്ല പരിശോധനയൊന്നുമില്ല. ഓരോരുവനും അവന്റേതു ശരിയെന്നു വിശ്വസിക്കാം. എന്നാൽ അപരന്റേത് തെറ്റെന്നു പറയാൻ ആർക്കും അവകാശമില്ല. ചില മതങ്ങൾക്ക് ചില ആകർഷണീയത ചിലർക്കു തോന്നിയെന്നുവരാം. അതനുസരിച്ച് ആ മതം സ്വീകരിക്കുന്നതിന് അവകാശവുമുണ്ട്. പുതിയ മതത്തിൽ അതൃപ്തി തോന്നിയാൽ തിരികെപ്പോരാനും അവകാശമുണ്ട്. ക്രിസ്തുമതത്തിൽ ചേർന്നതുമൂലം കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും ജോലിസാധ്യതയും കുറഞ്ഞതുമൂലം ഹിന്ദുമതത്തിലേക്ക് തിരികെപ്പോന്ന കുടുംബങ്ങളെ എനിക്കറിയാം.

വിവാദങ്ങൾ ഉടലെടുക്കുമ്പോൾ എതിർകക്ഷികൾ ഓരോന്നും തങ്ങൾ മറുപക്ഷത്തായിരുന്നെങ്കിൽ എന്തു നിലപാടെടുക്കുമായിരുന്നു എന്ന് ചിന്തിച്ച് പ്രശ്നത്തെ സമീപിക്കുന്നുവെങ്കിൽ പരിഹാരം എളുപ്പമാകും.

ഇന്ന് ഇന്ത്യയൊട്ടാകെ ഹൈന്ദവർ വിശ്വാസാചാരാനുഷ്ഠാനങ്ങളിൽ കൂടുതൽ ഉത്സുകരായിക്കൊണ്ടിരിക്കുന്നു. ആരാധന, മതപഠനം, മതപ്രചാരണം, തീർത്ഥാടനം മുതലായവയിലെല്ലാം അവരുടെ താത്പര്യം വർദ്ധിച്ചുവരുന്നു. ജീർണിച്ചുപോയ അമ്പലങ്ങളും കാവുകളുമെല്ലാം പുനരുദ്ധരിക്കുകയും പുതിയവ സ്ഥാപിക്കുകയും ചെയ്യുന്നു. അവരുടെ മതജീവിതം വിദ്യാഭ്യാസം, ആതുരസേവനം, ജീവകാരുണ്യം തുടങ്ങിയ എല്ലാ മേഖലകളിലേക്കും വ്യാപിച്ചു വളർന്നുവരുന്നു. സംഘടിച്ചു നില്ക്കേണ്ടതിന്റെയും ഒരുമിച്ചു വിലപേശേണ്ടതിന്റെയും ആവശ്യം അവർ മനസ്സിലാക്കിവരുന്നു. ഇതിലെല്ലാം എല്ലാ സുമനസ്സുകളും സന്തോഷിക്കുകയേ വേണ്ടൂ. അതിനിടയിൽ അവരുടെ കൂട്ടത്തിൽ നിന്നും വേർപെട്ടുപോയവരെ തിരികെ സ്വാഗതം ചെയ്യുന്നതും അവരുടെ തിരിച്ചുവരവിന് പ്രലോഭനമോ ബലപ്രയോഗമോ കൂടാതെ വഴിയൊരുക്കുന്നതും പാതകമായി കാണാൻ വയ്യ. എന്നാൽ വളരെ ജാഗ്രതയോടെയും വിവേകപൂർവ്വവും ആർജ്ജവത്തോടും സ്വീകരിക്കേണ്ട നടപടിയാണിത്.

ഖർ വാപ്പസിയെ പിന്തുണക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവർ ബി.ജെ.പി. അനുഭാവികളാണെന്ന് എല്ലാവർക്കുമറിയാം. അവർ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. കേന്ദ്രസർക്കാർ കർശനമായ മതപരിവർത്തനനിരോധബിൽ പാർലമെന്റിൽ അവതരിപ്പിച്ചാൽ ഖർ വാപ്പസിയെ എതിർക്കുന്ന മതസ്ഥരും രാഷ്ട്രീയകക്ഷികളും അതിനെ പാർലമെന്റിന് അകത്തും പുറത്തും പിന്തുണക്കുമോ? പ്രസക്തമായ ഒരു ചോദ്യം തന്നെയാണിത്.

**മെത്രാപ്പോലീത്തായുടെ കത്ത്**

# പരി. പാത്രിയർക്കീസ് ബാവയുടെ സന്ദർശനം മലങ്കര സഭയുടെ നന്മയ്ക്കായി തീരട്ടെ!

സിറിയക് ഓർത്തഡോക്സ് സഭയുടെ അന്ത്യോഖ്യാ പാത്രിയർക്കീസായി അടുത്തകാലത്ത് അവരോധിതനായ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയതൻ ബാവയുടെ കേരള സന്ദർശനം ഏകദേശം ഉറപ്പായി എന്നു തോന്നുന്നു. കുറേക്കാലമായി അദ്ദേഹത്തിന്റെ വരവു സംബന്ധിച്ച് അദ്ദേഹത്തിന്റെ കീഴിൽതന്നെ ഇവിടെയുള്ള സഭയിൽ ആശയക്കുഴപ്പം നിലനിൽക്കുകയും അതു കേരളത്തിലെ മാധ്യമലോകം ആഘോഷിക്കുകയുമായിരുന്നല്ലോ. 'പാത്രിയർക്കീസ് ബാവ വരുന്നു'; 'അദ്ദേഹം വരുന്നില്ല;' 'അദ്ദേഹം വരണം;' 'അദ്ദേഹത്തെ വരുത്തുകയില്ല;' 'അദ്ദേഹത്തിന് എപ്പോൾ വേണമെങ്കിലും വരാമല്ലോ' എന്നിങ്ങനെ ഉയർന്നുകൊണ്ടിരുന്ന വാർത്തകളും അഭിപ്രായപ്രകടനങ്ങളും ഏതാണ്ട് നിലച്ചമട്ടുമുണ്ട്. മലങ്കര ഓർത്തഡോക്സ് സഭാനേതൃത്വം ഇക്കാര്യത്തിൽ മൗനം ദീക്ഷിക്കുവാനുള്ള വിവേകം കാണിച്ചത് ഏറെ നന്നായി. പാത്രിയർക്കീസ് ബാവായുടെ സന്ദർശനം ഉറപ്പായ സാഹചര്യത്തിൽ അത് സഭയുടെ നന്മയ്ക്കായിത്തീരട്ടെ എന്നു പ്രാർത്ഥിക്കാം.

കാലം ചെയ്ത പരി. സഖാ പ്രഥമൻ ബാവ 1995-ലെ സുപ്രീംകോടതി വിധിക്കുശേഷം ഇവിടെ നടത്തിയ സന്ദർശനത്തിൽ മലങ്കരസഭയ്ക്ക് പ്രതിഷേധമുണ്ടായിരുന്നു. സഭാ ഐക്യത്തിന് സാഹചര്യം സൃഷ്ടിച്ച ഒരു കോടതിവിധി അട്ടിമറിച്ച് പിളർപ്പ് പൂർത്തിയാക്കുന്നതിനും തന്നോട് ചേർന്നുനിന്ന വിഭാഗത്തെ സംഘടിപ്പിച്ച് ഒരു സഭ സൃഷ്ടിക്കുന്നതിനും ഉള്ള ശ്രമവുമായിട്ടാണ് അദ്ദേഹം എത്തിയത്.

പിളർപ്പ് ശാശ്വതമാക്കുവാനും അതിന് ആശീർവാദം നൽകുവാനുമായി അന്നത്തെ പാത്രിയർക്കീസ് ഇവിടെ വന്നത് അംഗീകരിക്കുവാൻ മലങ്കര സഭയ്ക്ക് സാധിക്കുമായിരുന്നില്ല. ഇന്ന് അന്നെത്ത അന്തരീക്ഷം നിലനിൽക്കുന്നില്ല. പാത്രിയർക്കീസിന്റെ അനുകൂലികൾ ഒരു സഭയായി രൂപപ്പെട്ടു. അതിന് ഒരു ഭരണഘടനയും സൃഷ്ടിച്ചു. ആ ചുറ്റുപാടിൽ ആ സഭയുടെ പ്രധാനമേലദ്ധ്യക്ഷൻ അവരുടെ ക്ഷണപ്രകാരം കേരളത്തിൽ വരുമ്പോൾ മലങ്കരസഭയ്ക്ക് എതിർക്കേണ്ട കാര്യമില്ല. മാത്രമല്ല പുതിയ പാത്രിയാർക്കീസ് ബാവയ്ക്ക് സഭാപ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കുവാൻ ആഗ്രഹമുണ്ട് എന്ന പ്രസ്താവന സഭ മുഖവിലയ്ക്കെടുക്കുന്നെങ്കിൽ സന്ദർശനം അനുഗ്രഹമായി പരിണമിക്കുകയും ചെയ്യും. അതായത് ഇപ്രാവശ്യത്തെ സന്ദർശനം ഒരു അധിനിവേശശ്രമത്തിന്റെ ഭാഗമായിട്ടല്ല എന്നതാണ് മലങ്കരസഭയുടെ വിലയിരുത്തൽ. ഈ വരവ് സഭാന്തരീക്ഷത്തിൽ ഒരു അനുകൂല സ്വാധീനം സൃഷ്ടിക്കുമെന്ന പ്രതീക്ഷ ഓർത്തഡോക്സ് സഭ വച്ചു പുലർത്തുകയും ചെയ്യുന്നു.

അന്ത്യോഖ്യാ പാത്രിയാർക്കീസിനെ സഭാബന്ധങ്ങളിൽ നിന്ന് പുറത്താക്കണമെന്ന് മലങ്കരസഭ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. അന്ത്യോഖ്യാ പാത്രിയാർക്കേറ്റുമായിട്ടുള്ള ബന്ധം ആരോഗ്യകരമായി നിലനിർത്തണെ എന്നതാണ് മലങ്കര സഭയുടെ എന്നുമുള്ള നിലപാട്. കൂനൻ കുരിശി സത്യത്തിനു ശേഷമെങ്കിലും നിലവിൽ വന്ന ഈ ബന്ധത്തിന് പല നൂറ്റാണ്ടുകലുടെ പഴക്കമുണ്ട്. അന്ത്യോഖ്യാ പാത്രിയാർക്കേറ്റുമായി മലങ്കരസഭയുടെ ചരിത്രപരമായ ബന്ധം നിലനിർത്തണം എന്ന ആഗ്രഹത്തിന്റെ ഫലമായിട്ടാണ് പാത്രിയാർക്കീസിനെപ്പറ്റിയുള്ള വകുപ്പുകൾ സഭാ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. ഈ ഉഭയബന്ധത്തിൽ തകർച്ച സംഭവിച്ച നാളുകളിൽ പോലും ഇത് ഉപേക്ഷിക്കുവാൻ മലങ്കരസഭ ശ്രമിച്ചിട്ടുമില്ല. 1912-ൽ ഇന്ത്യയിൽ കാതോലിക്കേറ്റ് നിലവിൽ വന്ന് സഭ സ്വയം പര്യാപ്തമാവുകയും, പാത്രിയർക്കീസ് കക്ഷിയുമായി വ്യവഹാരം നടക്കുകയും ചെയ്ത കാലയളവിൽ സൃഷ്ടിക്കപ്പെട്ട ഭരണഘടനയിൽ പാത്രിയർക്കീസിന് വേണ്ടത്ര അംഗീകാരം നൽകാൻ സഭ ശ്രദ്ധിച്ചിട്ടുണ്ട്. 1995 ന് ശേഷം കോടതിവിധിയെ ധിക്കരിച്ച് പാത്രിയാർക്കീസ് അനുകൂലികൾ പുതിയ സഭയ്ക്ക് രൂപം കൊടുക്കുകയും പാത്രിയാർക്കീസ് ഈ നീക്കത്തിന് അംഗീകാരം നൽകുകയും ചെയ്ത ശേഷവും മലങ്കരസഭ പാത്രിയർക്കീസിനെസംബന്ധിച്ചുള്ള വകുപ്പുകൾ നീക്കം ചെയ്യുന്നതിന് ശ്രമിച്ചില്ല. മലങ്കരസഭയുടെ സഹകരണം കൂടാതെ വാഴിക്കപ്പെടുകയും സമാന്തരസഭയുടെ പ്രധാനമേലദ്ധ്യക്ഷനായി തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ ഭരണഘടനപ്രകാരം ഇപ്പോഴത്തെ പാത്രിയർക്കീസിന് മലങ്കര സഭയിലുള്ള സ്ഥാനം പ്രവർത്തനരഹിതമാണ്. എന്നിരിക്കിലും ഭാവിയിൽ ആ ബന്ധം പ്രവർത്തനക്ഷമമാകും എന്ന പ്രത്യാശയാണ് മലങ്കര സഭ വച്ചു പുലർത്തുന്നത്.

മലങ്കരസഭ പാത്രിയർക്കീസിനുള്ള സ്ഥാനം നിലനിർത്തുന്നതിന് വ്യക്തമായ ചില കാരണങ്ങൾ ഉണ്ട്. 1) മൂന്നു നൂറ്റാണ്ടിലധികം നിലനിന്നിരുന്ന ചരിത്രപരമായ ഒരു സഭാബന്ധം ഇടക്കാലത്തെ പ്രത്യേക സാഹചര്യങ്ങൾ കൊണ്ട് അവസാനിക്കരുതെന്ന് മലങ്കരസഭ ആഗ്രഹിക്കുന്നു. 2) ഒരേ വിശ്വാസം, ചരിത്രം, സാംസ്കാരിക-ആരാധനാ പൈതൃകങ്ങൾ ഇവയുള്ള ഒരു വിശ്വാസ സമൂഹ

ത്തിലെ അംഗങ്ങൾ ഭിന്നിച്ചു നിലനിൽക്കുന്നത് ന്യായീകരണം ഇല്ലാത്തതും പ്രതിസാക്ഷ്യവും ആണ് എന്ന് മലങ്കരസഭ കരുതുന്നു. ഈ ഐക്യം സാക്ഷാത്കരിക്കുന്നതിന് പാത്രിയർക്കീസിനെ അംഗീകരിക്കുന്നത് അനിവാര്യമാണ്. 1958-ൽ സഭയിൽ ഐക്യത്തിന് പാത തെളിഞ്ഞത് 1934-ലെ സഭാ ഭരണഘടനയിൽ പാത്രിയാർക്കീസ് ബാവായ്ക്ക് അർഹമായ സ്ഥാനം നൽകിയിരിക്കുന്നതുകൊണ്ടുകൂടിയായിരുന്നു. അതുകൊണ്ട് പാത്രിയാർക്കീസ് ബാവായ്ക്ക് ഭരണഘടനയിൽ ഉള്ള സ്ഥാനം നിലനിർത്തുന്നത് ഭാവിയിൽ മലങ്കര സഭയിൽ ഐക്യം സൃഷ്ടിക്കുന്നതിന് ഉള്ള സാധ്യത വർദ്ധിപ്പിക്കും എന്നതാണ് മലങ്കരസഭയുടെ നിഗമനം. അന്ത്യോഖ്യാ പാത്രിയർക്കേറ്റുമായിട്ടുള്ള ബന്ധം ഒരു സഭാ സമൂഹം എന്ന നിലയിൽ മലങ്കരസഭയുടെ നിലനിൽപ്പിന് അനിവാര്യമല്ല. എങ്കിലും അത് മുൻകാല ചരിത്രത്തിന്റെ അംഗീകാരവും ഭാവിയിൽ സഭാ ഐക്യത്തിന് സഹായവും ആകുമെങ്കിൽ ആ ബന്ധം നിലനിർത്തണമെന്നു തന്നെയാണ് മലങ്കരസഭ കരുതുന്നത്.

എന്നാൽ ഈ ബന്ധം അവ്യക്തമായിരിക്കരുത് എന്ന് മലങ്കരസഭയ്ക്ക് ഉണ്ട്. അതുപോലെതന്നെ ഇതൊരു ആശ്രിത ബന്ധവും ആയിരിക്കരുത്. ഈ ബന്ധത്തെ സഭ ഗൗരവമായി കാണുന്നതുകൊണ്ടാണ് ഭരണഘടനയിൽ തന്നെ ഈ ബന്ധം നിർവചിച്ചിരുന്നതും. അതൊക്കെകൊണ്ട് മലങ്കരസഭയും അന്ത്യോഖ്യാ പാത്രിയർക്കേറ്റും തമ്മിലുള്ള ബന്ധം വ്യവസ്ഥാപിതവും വ്യക്തവുമായിരിക്കണമെന്ന് സഭ നിഷ്കർഷിക്കുന്നു. ആരോഗ്യകരമായ സഭാബന്ധത്തിന്റെ മൗലീകസ്വഭാവമാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. അതുപോലെതന്നെ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പൊതുവായ സഭാ വിജ്ഞാനീയത്തിന് നിരക്കുന്നതുമായിരിക്കണം ഈ ബന്ധം. ഓറിയന്റൽ സഭകളിൽ പ്രധാനമേലദ്ധ്യക്ഷന്മാർ തുല്യരും സഭകൾ ഭരണപരമായി സ്വതന്ത്രവുമാണ്. ഏതെങ്കിലും ഒരു പ്രധാനമേലദ്ധ്യക്ഷന് മറ്റൊരു സഭ പ്രത്യേക ആദരവുകളും പരിഗണനകളും കൊടുക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ആ സഭയുടെ മേൽ ആധിപത്യമൊന്നും അദ്ദേഹത്തിനില്ല. മലങ്കരസഭ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായ്ക്കു നൽകുന്ന മൂപ്പ് സ്ഥാനവും പ്രത്യേക പരിഗണനകളും അദ്ദേഹത്തിന് ഈ സഭയുടെ മേൽ അനിയന്ത്രിത അധികാര വിനിയോഗത്തിന് അവസരം നൽകുന്നില്ല. കഴിഞ്ഞ കാലങ്ങളിൽ അന്ത്യോഖ്യാ വിഭാഗത്തിൽ നിരന്തരമായി നടന്നുകൊണ്ടിരിക്കുന്ന ആഭ്യന്തരപോരാട്ടത്തിന്റെ പ്രധാന കാരണം അന്ത്യോഖ്യാ പാത്രിയാർക്കേറ്റുമായി ഈ വിഭാഗത്തിനുള്ള ബന്ധത്തിന്റെ അവ്യക്തതയും അന്ത്യോഖ്യാ പാത്രിയർക്കേറ്റിന്റെ അധീശത്വ സമീപനവും പാത്രിയർക്കീസ് വിഭാഗത്തിന്റെ ദാസ്യമനോഭാവവുമായിരുന്നു. 2002-ൽ ആ വിഭാഗം ആദ്യമായി ഭരണഘടന ഉണ്ടാക്കിയപ്പോൾ പാത്രിയർക്കീസ് ബാവായ്ക്ക് സർവ്വാധിപത്യം നൽകി അദ്ദേഹത്തിന്റെ അധികാരം നിർവ്വചിച്ചു. അതോടെ പാത്രിയർക്കീസ് വിഭാഗം മുൻകാലങ്ങളിൽ ഭാഗികമായെങ്കിലും നിലനിർത്തിയിരുന്ന സ്വത്വവും സ്വാതന്ത്ര്യബോധവും പൂർണ്ണമായി നഷ്ടപ്പെടുത്തി. അതിന്റെ ബാക്കിപത്രമാണ് ആ സഭയിൽ അടുത്തകാലത്ത് തീവ്രമായിത്തീർന്ന ആഭ്യന്തര വിഭാഗീയതകൾ.

കേരളത്തിലെ സുറിയാനിസഭ ഏതു വിഭാഗത്തിലുള്ളതാണെങ്കിലും അതു സാംസ്കാരികമായും ഭാഷാപരമായും സഭാ ഘടനയുടെ സവിശേഷതയിലും മധ്യപൂർവ്വദേശത്തിലെ സുറിയാനി സഭയിൽ നിന്ന് ഭിന്നമാണ്. ആരാധന-വേദശാസ്ത്ര പാരമ്പര്യങ്ങളിൽ മാത്രമാണ് അവയ്ക്ക് പൊരുത്തം ഉള്ളത്. അതുകൊണ്ട് ഈ സഭകളുടെ വളർച്ചയ്ക്ക് അതിന്റെ വ്യക്തിഗതത്വം, സ്വാതന്ത്ര്യം, സാംസ്കാരിക-ആധ്യാത്മീക തനിമ ഇവയെല്ലാം നിലനിർത്തേണ്ടതുണ്ട്. സഭകളുടെ സാക്ഷ്യത്തിനു എക്യുമെനിക്കൽ ബന്ധങ്ങളുടെ ആരോഗ്യകരമായ പുലർച്ചയ്ക്കുമെല്ലാം ഇവയുടെ അനിവാര്യത സമീപകാല അനുഭവങ്ങളിൽ നിന്ന് പാത്രിയർക്കീസ് അനുകൂലികൾ തിരിച്ചറിയുന്നുവെങ്കിൽ ഓർത്തഡോക്സ് സഹോദരങ്ങളുമായി സഹകരിച്ച് ആരോഗ്യകരമായ ഒരു അന്ത്യോഖ്യൻ ബന്ധത്തിലേക്ക് ഈ സഭയെ മുഴുവനായി നയിക്കാനാവും.

അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനം സംബന്ധിച്ച് മലങ്കര സഭയ്ക്ക് ഒരു ആക്ഷേപവും ഇല്ല. അദ്ദേഹം പൗരസ്ത്യ കാതോലിക്കയെക്കാൾ ആധ്യാത്മികമായി ഉയർന്ന സ്ഥാനത്തുള്ള വ്യക്തിയാണെന്ന് സുപ്രീംകോടതി പറഞ്ഞതിലും വിരോധമില്ല. എന്നാൽ മലങ്കര സഭയിൽ അദ്ദേഹം ഇടപെടുന്നത് സഭാ ഭരണഘടനപ്രകാരം ആയിരിക്കണം എന്ന കോടതിയുടെ തീരുമാനം കൃത്യമായി ഉറപ്പുകിട്ടുന്ന ഒരു സാഹചര്യം സൃഷ്ടിക്കപ്പെടണം. അങ്ങനെയെങ്കിൽ സഭാ ഐക്യം ഉണ്ടാകുന്നത് അസാധ്യമായ കാര്യമേയല്ല. എന്നാൽ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവ സൃഷ്ടിച്ചിരിക്കുന്ന കാതോലിക്കേറ്റിനെ നിലനിർത്തുന്നിടത്തോളം കാലം അദ്ദേഹത്തോട് മലങ്കര സഭയ്ക്കുള്ള ഭരണഘടനാപരമായ ബന്ധം പ്രവർത്തനരഹിതമായിത്തന്നെ തുടരേണ്ടിവരും. അതുകൊണ്ട് മലങ്കരസഭയുടെ സ്വാതന്ത്ര്യവും കാനോനിക കാതോലിക്കേറ്റും സഭാഭരണഘടനയും അംഗീകരിച്ച് സഭ ഏകമാക്കുവാനുള്ള ശ്രമം നടത്തിയാൽ മലങ്കര സഭ ഏകമാവുകയും മലങ്കരസഭ മുഴുവൻ അംഗീകരിക്കുന്ന പാത്രിയർക്കീസായി അദ്ദേഹം സ്വീകാര്യനായിത്തീരുകയും ചെയ്യും.

പാത്രിയർക്കീസ് ബാവയുമായിട്ടുള്ള ബന്ധം ഒരു കടപ്പാടിന്റെ കാര്യമായിട്ടാണ് പാത്രിയർക്കീസ് വിഭാഗക്കാർ കാണുന്നത്. അങ്ങനെ ഒരു കടപ്പാടിന്റെ വിഷയമില്ല. കൂനൻ കുരിശ് സത്യത്തിനുശേഷം അന്ത്യോഖ്യക്കാർ ഇടപെട്ടില്ലായിരുന്നുവെങ്കിൽ

**അനുരണനം**

# സഭയും സ്ഥാപനങ്ങളും-ഒരനുബന്ധം

**എ.ജി. ജെയിംസ്, പാലക്കുഴ**

കണ്ടനാട് ഡയോസിസൻ ബുള്ളറ്റിനിന്റെ കഴിഞ്ഞ രണ്ടുലക്കങ്ങളിലായി സഭയും സ്ഥാപനങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് പ്രതികരിക്കാനുള്ള ബാധ്യത സഭയിൽ മാറ്റം ആഗ്രഹിക്കുന്ന ഓരോ അംഗത്തിനും ഉണ്ടെന്ന് എനിക്കു തോന്നുന്നു. തികച്ചും കാലിക പ്രസക്തിയുള്ള ഈ വിഷയം ചർച്ചയ്ക്കെടുത്തത് ക്രാന്ത ദർശിയായ അദ്ദേഹം വച്ചുപുലർത്തുന്ന പുരോഗമന ആശയങ്ങളുടെ ബഹിർസ്ഫുരണമായിട്ടാണ് ഞാൻ കാണുന്നത്. പുറമേയ്ക്ക് സൗമ്യനെങ്കിലും സഭാവിഷയത്തിൽ ധീരമായ നിലപാടെടുക്കുന്നതിലും ഭീഷണികൾക്കും പ്രലോഭനങ്ങൾക്കും വഴങ്ങാതെ അവ പ്രാവർത്തികമാക്കുന്നതിലും സമാനതകളില്ലാത്ത സത്യസന്ധതയും ആർജ്ജവവും അദ്ദേഹം എക്കാലവും പ്രകടിപ്പിച്ചിട്ടുണ്ട്. 95–ലെ സുപ്രീംകോടതിവിധിയെ തുടർന്ന് തിരുമേനി കൈക്കൊണ്ട നിലപാടുകൾ എത്രമാത്രം അർത്ഥവത്തും ദീർഘവീക്ഷണമുള്ളതും ആയിരുന്നു എന്നതിന് യാക്കോബായ സഭയിലെ സമീപകാല സംഭവവികാസങ്ങൾ സാക്ഷിയാണല്ലോ.

ഓർത്തഡോക്സ് സഭയുടെ സ്ഥാപനങ്ങളുടെ സൃഷ്ടിയിലും നടത്തിപ്പിലും അടിസ്ഥാനപരമായ നയവ്യതിയാനം ആവശ്യമാണ് എന്ന അദ്ദേഹത്തിന്റെ ചിന്തകൾ വായിച്ചപ്പോൾ, സഭയെ സംബന്ധിച്ച് വിപ്ലവകരമായ മറ്റൊരു ചുവടുവെയ്പായിട്ടാണ് എനിക്ക് തോന്നിയത്. സ്വന്തം ഭദ്രാസനത്തിൽ പരീക്ഷിച്ച് വിജയിച്ച ഒരു ബദൽ മാതൃക എന്ന നിലയിലും ഈ ചിന്തയ്ക്ക് ഏറെ പ്രസക്തിയുണ്ട്. പാരമ്പര്യശൈലിയിലുള്ള സ്ഥാപനങ്ങളല്ല അദ്ദേഹം ഇവിടെ പ്രോത്സാഹിപ്പിച്ചത് എന്നതും ശ്രദ്ധേയമാണ്. കൂത്താട്ടുകുളത്തിനു സമീപമുള്ള 'സന്തുല', മാത്രമല്ല, മുളന്തുരുത്തി കേന്ദ്രമായുള്ള 'സ്വാശ്രയ,' പാമ്പാക്കുടയിൽ പ്രവർത്തിക്കുന്ന 'സമന്വയ' എന്നിവയെല്ലാം വേറിട്ട പന്ഥാവിന്റെ ശ്രേഷ്ഠമായ ഉദാഹരണങ്ങളാണ്.

സഭ നേരിട്ട് ഉടമസ്ഥതയും ഭരണനിർവ്വഹണവും ഏറ്റെടുക്കുന്നതിനു പകരം, ധനവും, വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യമുള്ളതുമായ സഭാംഗങ്ങളെ കണ്ടെത്തി അവരുടെ നേതൃത്വത്തിൽ സ്ഥാപനങ്ങൾ ആരംഭിക്കുകയും ഗുണനിലവാരവും സേവനമേന്മയും മാത്രം സഭാനേതൃത്വം ഉറപ്പുവരുത്തുകയും ചെയ്യുക എന്ന നൂതനാശയമാണ് തിരുമേനി മുന്നോട്ടുവയ്ക്കുന്നത്. സ്വയം ഭംഗിയായി നിർവ്വഹിക്കാൻ കഴിയാത്ത കാര്യങ്ങൾക്ക്, അതിനു പ്രാപ്തരായ വരിലൂടെ അത് നടത്തിയെടുക്കുക എന്നത് മാനേജ്മെന്റ് ശാസ്ത്രത്തിന്റെ പ്രാഥമികപാഠങ്ങളിൽ ഒന്നാണ്. തിരുമേനി ഇവിടെ വിവക്ഷിക്കുന്നതും അതുതന്നെ.

സാമൂഹിക പ്രതിബദ്ധത അംഗീകരിക്കുമ്പോൾത്തന്നെ ഭീമമായ മുതൽ മുടക്കും തികഞ്ഞ പ്രൊഫഷണലിസവുമില്ലാതെ ഭാവിയിൽ സ്ഥാപനങ്ങൾക്ക് നിലനിൽക്കാനാവില്ല. കാരണം, മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ആഗോളവത്കരണത്തിന്റെ ഭാഗമായി മറ്റൊരു സ്വകാര്യ മേഖലയും ശക്തമായി തഴച്ചു വളരുന്നുണ്ട്. അതിനെതിരെയും മത്സരിച്ചാൽ മാത്രമേ ഇനിയുള്ളകാലം സഭാസ്ഥാപനങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയൂ. ദരിദ്രരും ദളിതരുമൊക്കെ സമൂഹത്തിലുണ്ടെങ്കിലും സമ്പത്തിന്റെ വർദ്ധനവ് സമൂഹത്തിലുള്ളതിനാൽ സേവനങ്ങൾക്ക് പണം ചിലവിടുന്നതിൽ ആർക്കും അത്ര പരിഭവം ഇല്ല. എന്നാൽ മുടക്കുമുതലിന് ആനുപാതികമായി ഗുണമേന്മയുള്ള സേവനം ലഭിക്കുന്നില്ല എന്നതാണ് ഇപ്പോഴത്തെ ദുരവസ്ഥ. ഇതാണ് തിരുത്തപ്പെടേണ്ടതും. വിദ്യാഭ്യാസമേഖല തന്നെ മികച്ച ഉദാഹരണം. കുടുംബ

---

നാം തുടർന്നും റോമൻ കത്തോലിക്കരായി കഴിയുമായിരുന്നു എന്നുമാത്രം. അങ്ങനെവന്നിരുന്നുവെങ്കിൽ കഴിഞ്ഞ രണ്ടു നൂറ്റാണ്ടായി സഭയിൽ നടക്കുന്ന അന്തഃഛിദ്രങ്ങൾ സഭയിൽ സംഭവിക്കുകയേ ഇല്ലായിരുന്നു. യഥാർത്ഥത്തിൽ അന്ത്യോഖ്യാ പാത്രിയർക്കേറ്റുമായിട്ടുള്ള അവ്യക്തവും, വ്യവസ്ഥാരഹിതവുമായ ബന്ധമാണ് ഈ സഭയിൽ കഴിഞ്ഞകാലങ്ങളിൽ ഉണ്ടായ കലഹങ്ങൾക്കും വ്യവഹാരങ്ങൾക്കുമെല്ലാം കാരണം. ഇത് പരിശുദ്ധ പാത്രിയർക്കീസ് ബാവായും ഇവിടുത്തെ യാക്കോബായ സുറിയാനി ക്രിസ്ത്യാനിസഭയും തിരിച്ചറിയേണ്ട സത്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യമുള്ള ഒരു മലങ്കരസഭയും വ്യവസ്ഥാപിതമായ ഒരു അന്ത്യോഖ്യാ ബന്ധവും നിലവിൽ വരുന്നതോടെ ഈ പ്രശ്നത്തിന് പരിഹാരമാകും. ഇതിന് എതിരെയുള്ള എതിർപ്പുകൾ അവഗണിച്ച് സഭാ ഐക്യത്തിന് അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവ നിലപാടെടുത്ത് നീങ്ങുകയാണെങ്കിൽ സദുദ്ദേശ്യമുള്ള എല്ലാ സഭാംഗങ്ങളുടെയും പിന്തുണ അദ്ദേഹത്തിനുണ്ടായിരിക്കും. സഭാചരിത്രം തിരുത്തിയെഴുതിയ ആധ്യാത്മീക പിതാവിനോട് എന്നെന്നും കടപ്പെട്ടിരിക്കുകയും ചെയ്യും.

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

ബജറ്റുകളുടെ സിംഹഭാഗവും ചോർന്നു പോകുന്നത് മക്കളുടെ വിദ്യാഭ്യാസത്തിനാണ്. എന്നിട്ടും സ്കൂൾ-കോളേജ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറയുന്നതായിട്ടാണ് പ്രഗത്ഭർ വിലയിരുത്തുന്നത്. എഞ്ചിനിയറിംഗ് എന്ന മഹത്തായ പഠനശാഖയെ പെരുവഴിയിലാക്കിയതും മത-സാമുദായിക സ്ഥാപനങ്ങൾ അടക്കമുള്ള സ്വകാര്യമേഖലയ്ക്കുള്ള പങ്ക് ചെറുതല്ലല്ലോ. (നാളെയിത് മെഡിസിന്റെ ഊഴമാവാം) പ്രാഗത്ഭ്യവും ധാർമ്മിക ബോധവുമില്ലാത്ത ഒരുകൂട്ടം ചൂഷക ലോബികളാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. കൂടുതൽ ചികഞ്ഞാലറിയാം, മദ്യവ്യവസായം, ക്വാറി, റിയൽ എസ്റ്റേറ്റ്, സ്വാശ്രയസംരംഭങ്ങൾ എന്നിവയെല്ലാം ഭരിക്കുന്നത് ഒരേ കൂട്ടർ തന്നെ! ഇവിടെയാണ് സഭകളുടെ ഇടപെടൽ അനിവാര്യമാകുന്നത്.

സഭാസ്ഥാപനങ്ങളുടെ ലക്ഷ്യം സാമൂഹിക കടപ്പാട് നിർവഹിക്കുക എന്നത് മാത്രമാണോ എന്നും ചിന്തിക്കേണ്ടതുണ്ട്. പുതിയ ലോകക്രമത്തിൽ ഒരു ആരാധനാസമൂഹമായി മാത്രം കാലം കഴിച്ചുകൂട്ടുക എന്നതാണോ സഭയുടെ ഉത്തരവാദിത്തം എന്നതും ആലോചനാവിഷയമാണ്. സഭ, സഭയ്ക്കുവേണ്ടിത്തന്നെ പ്രസ്ഥാനങ്ങൾ ആരംഭിക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്. യുവതലമുറ സഭയോട് വേണ്ടത്ര അടുപ്പം കാണിക്കുന്നില്ല എന്ന പരിഭവം പൊതുവേ ഉണ്ടല്ലോ. അതിനാൽ സഭാംഗങ്ങളുടെ, പ്രത്യേകിച്ച് പുതുതലമുറയുടെ ഒരു തൊഴിൽദാതാവായി കൂടി വളരേണ്ടതിന്റെ ഉത്തരവാദിത്തം ഇന്ന് സഭയ്ക്കുണ്ട്. അത് കാലം ആവശ്യപ്പെടുന്ന അഡീഷണൽ ഡ്യൂട്ടിയായി കരുതിയാൽ മതി. ഇന്നത്തെ ലോകത്തിൽ ഓരോ വ്യക്തിയും നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും നിരവധിയാണ്. ഇവയെ ലഘൂകരിക്കുന്നതിനും തരണം ചെയ്യുന്നതിനും വേണ്ട മാർഗ്ഗങ്ങൾ സൃഷ്ടിക്കുക എന്ന ചുമതലകൂടി ആധുനികസഭ ഏറ്റെടുത്താൽ മാത്രമേ കാലം ആവശ്യപ്പെടുന്ന സാക്ഷ്യം നിർവ്വഹിച്ചു എന്ന് പൂർണ്ണമായും അവകാശപ്പെടാൻ കഴിയൂ.

മറ്റൊന്ന്, സഭയിലെ മനുഷ്യവിഭവശേഷി കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്നത് മുഖ്യമായും സഭാനേതൃത്വത്തിന്റെ കടമയാണ്. ഇവിടെ ഡോ. ഡി. ബാബുപോൾ സാറിനെ പരാമർശിക്കാതെ കടന്നുപോകാനാവില്ല. റിട്ടയർമെന്റിനുശേഷം പത്തുകൊല്ലം കൊണ്ട് വേദപുസ്തക ഭാഷ്യം രചിക്കുക എന്ന് സ്വപ്നം കണ്ട്, അതിനായി 100 പേജുള്ള 100 പാഡുകൾ പോലും തയ്യാറാക്കിയ അദ്ദേഹം 'മാധ്യമം' പത്രാധിപരുടെ പ്രേരണയ്ക്ക് വഴങ്ങി 'കഥ ഇതുവരെ' എന്ന സർവ്വീസ് സ്റ്റോറിയിലേക്കും 'മധ്യരേഖ' എന്ന സ്ഥിരം പംക്തിയിലേക്കുമൊക്കെ വഴിതിരിഞ്ഞുപോയതിന്റെ കഥ അദ്ദേഹം തന്നെ ഈയിടെ വിവരിച്ചിട്ടുണ്ട് (ഹംസഗാനം, മാധ്യമം ദിനപത്രം, 04-01-2015). അതായത്. ക്രിസ്തീയ സഭയ്ക്ക് ആകമാനം ലഭിക്കുമായിരുന്ന ഒരപൂർവ്വ നിധിയെ നമ്മുടെ മുസ്ലീംസഹോദരങ്ങൾ റാഞ്ചിക്കൊണ്ടുപോയി. കാര്യം കണ്ടപ്പോൾ നമ്മൾ ഇരുകൂട്ടരും അദ്ദേഹത്തിന് വല്ലപ്പോഴും കൊടുത്തത് ഏറിയാൽ ഒരു മണിക്കൂർ നേരത്തെ പ്രസംഗ വേദി മാത്രം! (സാന്ദർഭികമായി സൂചിപ്പിക്കട്ടെ, സ്റ്റീരിയോടൈപ്പ് വാചകങ്ങളിലൂടെ വിശ്വാസികളെ ബോറടിപ്പിക്കുന്ന വൈദീക സമൂഹം അദ്ദേഹത്തിന്റെ വേദശബ്ദരത്നാകരം ഒരു തവണയെങ്കിലും വായിക്കുന്നത് നന്നായിരിക്കും. അനുകരിക്കാനല്ല, മറിച്ച് ബൈബിളും വേദശാസ്ത്രവുമൊക്കെ ലളിതമായി എങ്ങനെ സംവേദനക്ഷമമാക്കാം എന്നതിന് മികച്ച ഉദാഹരണമാണ് ഈ ഗ്രന്ഥം)

വിഷയത്തിന്റെ മുഖ്യധാരയിൽ നിന്ന് വ്യതിചലിച്ച്, താഴെപ്പറയുന്ന മേഖലകൾകൂടി സഭ ശ്രദ്ധിക്കുന്നത് നന്നായിരിക്കുമെന്ന് പറയട്ടെ.

1. സമൂഹത്തിൽ ഇനി വരാനിരിക്കുന്നത് സംരംഭകത്വത്തിന്റെ നാളുകളാണ്. സർക്കാർജോലി എന്നതിൽ നിന്ന് യുവത്വവും മാറി ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ട്. സ്റ്റാർട്ടപ്പ് വില്ലേജുകൾ, TIECON KERALA 2014 എന്നിവയുടെയൊക്കെ വിജയം അതാണ് സൂചിപ്പിക്കുന്നത്. പ്രധാനമന്ത്രി തന്നെ ആഹ്വാനം ചെയ്ത 'മേക്ക് ഇൻ ഇന്ത്യ'യും പിറകേ വരുന്നുണ്ട്. ഈ മാറിയ സാഹചര്യത്തെ, സാമൂഹ്യസേവനം എന്നതിനപ്പുറം സഭയ്ക്കുവേണ്ടിത്തന്നെ ഉപയോഗപ്പെടുത്താൻ കഴിയേണ്ടതാണ്. സഭയിലെ പ്രമുഖരായ വ്യവസായികൾ, മുതൽ മുടക്കിന് സന്മനസ്സുള്ള ധനികർ, പ്രൊഫഷണലുകൾ, പുതുസംരംഭകർ തുടങ്ങിയവരുടെ ഒരു സ്ഥിരം സംഗമവേദിക്ക് സഭ നേതൃത്വം കൊടുക്കുകയും മാറിയ സാമ്പത്തിക സ്ഥിതിയെ സഭാംഗങ്ങളുടെ പ്രത്യേകിച്ച് യുവതലമുറയുടെ ഉന്നമനത്തിനായി എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് ചിന്തിക്കേണ്ടതുമാണ്. മാന്യമായ ജീവിതനിലവാരം വിശ്വാസികൾക്ക് ലഭിക്കണം എന്ന ചിന്തയ്ക്കുകൂടി സഭാനേതൃത്വം ഊന്നൽ നൽകുമ്പോൾ അത് സഭയെ കൂടുതൽ കരുതലോടെ കാണുന്നതിന് ഞങ്ങളെപ്പോലുള്ളവരെ പ്രേരിപ്പിക്കും എന്നത് സാമാന്യയുക്തി മാത്രമാണ്. പുരുഷാരത്തിന് ഭക്ഷിപ്പാൻ എന്താണ് കൈവശമുള്ളത് എന്നാണല്ലോ ക്രിസ്തുവും അവസാനം ശിഷ്യരോട് തിരക്കിയത്.

2. പ്രവാസികളായ സഭാംഗങ്ങളുടെ ഒരു നെറ്റ്‌വർക്കിന് രൂപം കൊടുക്കുകയും വിവിധ രാജ്യങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങളും തൊഴിൽ സാധ്യതകളും തല്സമയം സഭയിലെ ഉദ്യോഗാർത്ഥികളിലേക്ക് എത്തിക്കുകയും ചെയ്താൽ പുതുതലമുറയ്ക്ക് അത് ഏറെ സഹായകരമാകും.

3. തൊഴിൽ ദാതാക്കളുടെ ഭാഗത്തുനിന്ന് ഇപ്പോൾ കേൾക്കുന്ന മുഖ്യ പരാതി വിദ്യാഭ്യാസയോഗ്യതയ്ക്ക് അനുസൃതമായ തൊഴിൽക്ഷമത (employability) ഉദ്യോഗാർത്ഥികൾക്കില്ല എന്നുള്ളതാണ്. ഈ കുറവ് പരിഹരിക്കുന്നതിന് 'ഫിനിഷിംഗ് സ്കൂളുകൾ' ആരംഭിക്കുന്നതിനെക്കുറിച്ചും സഭ ചിന്തിക്കേണ്ടതാണ്. ●

ആരോഗ്യം

# ക്ഷയം

(തുടർച്ച)

ഡോ. ചാണ്ടി പോൾ

**മരുന്നുകൊണ്ട് കരുത്തനാകുന്ന രോഗാണു**

ഒരു വലിയ അളവോളം ഈ പ്രശ്നം മനുഷ്യന്റെ സ്വയംകൃതാനർത്ഥമാണ്. ക്ഷയരോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ രണ്ടുതരത്തിലാണ് രോഗനാശം ചെയ്യുന്നത്. (1)രോഗാണുക്കളെ കൊല്ലുന്ന (bactericidal) മരുന്നുകൾ. (2) രോഗാണുക്കളെ നിർവ്വീര്യമാക്കുന്ന (bacteriostatic) മരുന്നുകൾ.

ഇങ്ങനെ രണ്ടുതരത്തിൽ പ്രവർത്തിക്കുന്ന വിവിധ മരുന്നുകളുടെ ഒരു ചേരുവയാണ് (combination of drugs) ഉത്തമമായ ചികിത്സയ്ക്ക് വേണ്ടത്. എല്ലാ രോഗികളിലും ഒരേ ചേരുവയല്ല പ്രയോഗിക്കാറ്. മരുന്നുകൾ തിരഞ്ഞെടുക്കുമ്പോൾ വളരെ ശ്രദ്ധിക്കേണ്ടതുണ്ട്. സാമാന്യം ദീർഘമായ ചികിത്സ വേണ്ടിവരികയും ചെയ്യും. മരുന്നുകൾ രോഗിയിലുണ്ടാക്കുന്ന പ്രതികരണം, രോഗാണുക്കളെ നശിപ്പിക്കുന്നതിൽ അവയ്ക്കുള്ള കഴിവ്, രോഗിയുടെ സാമ്പത്തിക-സാമൂഹിക ചുറ്റുപാടുകൾ എന്നിവയൊക്കെ പരിഗണിക്കണം. അങ്ങനെ ശ്രദ്ധപൂർവ്വം ഒരു ചികിത്സാപദ്ധതി തീരുമാനിച്ചു കഴിഞ്ഞാൽ അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും കൂടാതെ രോഗി തുടർച്ചയായി മരുന്നുപയോഗിക്കണം. അനഭിലഷണീയ പ്രതികരണങ്ങൾ ഉണ്ടായാൽ മാത്രമേ മരുന്നുകളുടെ ചേരുവയിൽ മാറ്റം വരുത്തേണ്ടതുള്ളൂ. നിശ്ചിത കാലയളവുകളിൽ രോഗി വീണ്ടും പരിശോധനയ്ക്ക് വിധേയനായി ചികിത്സയുടെ ഫലം വിലയിരുത്തേണ്ടതുണ്ട്. മരുന്നുകളുടെ ചേരുവ ഇടയ്ക്ക് മാറ്റേണ്ടതായും വന്നേക്കാം.

**അനാസ്ഥയുടെ പരിണാമം**

മരുന്ന് കഴിക്കുന്നതിലെ കൃത്യതയിലാണ് പലപ്പോഴും അക്ഷന്തവ്യമായ പിഴവുകൾ വരുന്നത്. അശ്രദ്ധ കൊണ്ടും അറിവുകേടുകൊണ്ടും സാമ്പത്തിക ഞെരുക്കം കൊണ്ടും മരുന്ന് കൃത്യമായി ഉപയോഗിക്കാത്തവരാണ് അധികവും. ഫലമോ? രോഗം മാറുന്നില്ലെന്നു മാത്രമല്ല, രോഗാണുക്കൾ മരുന്നുകളെ അതിജീവിക്കാനുള്ളശേഷി സമാർജ്ജിക്കുകയും ചെയ്യുന്നു. അനാസ്ഥയുടെ ഏറ്റവും അപകടകരമായ പരിണാമം ഇവിടെ സംഭവിക്കുന്നു. ഇത്തരം രോഗാണുക്കൾ മറ്റൊരാളിലേക്ക് പകർന്ന് അയാൾക്ക് രോഗമുണ്ടാകുമ്പോൾ കൃത്യമായ അളവിൽ തുടർച്ചയായി മരുന്നു കഴിച്ചാൽ പോലും വേണ്ടത്രഫലം ഉണ്ടായെന്നു വരില്ല. രോഗാണുക്കളുടെ ഈ പ്രതിരോധശേഷി കണക്കിലേറെ വർദ്ധിക്കാൻ ഇടവന്നാൽ അവയ്ക്കെതിരെ ഇനിയും പുതിയ മരുന്നുകൾ കണ്ടുപിടിക്കേണ്ടി വരും.

കൃത്യമായി മരുന്നു കഴിക്കാത്ത രോഗി അക്കാര്യം ചികിത്സകനിൽ നിന്ന് മറച്ചുവെയ്ക്കും. അത് കൂടുതൽ മാരകമായ രോഗാണുക്കളെ സമൂഹത്തിൽ വിതരണം ചെയ്യാൻ ഇടയാക്കുന്നു. ഒരുമിച്ച് ജീവിക്കുന്ന കുടുംബാംഗങ്ങൾ തന്നെയായിരിക്കും മിക്കവാറും ആദ്യത്തെ ഇരകൾ.

മരുന്ന് തുടർച്ചയായി കൃത്യമായ അളവിൽ കഴിക്കാത്തതിന് എല്ലായ്പ്പോഴും രോഗിയെത്തന്നെ കുറ്റപ്പെടുത്തിക്കൂടാ. താഴ്ന്ന വരുമാനക്കാരിലും അപര്യാപ്ത സാഹചര്യങ്ങളിൽ കഴിഞ്ഞുകൂടുന്നവരിലുമാണ് ഈ രോഗം കൂടുതലായി കണ്ടുവരുന്നത്. മരുന്നു വാങ്ങാൻ കഴിവില്ലാത്തവർക്ക് മുടക്കം വരാതെ കഴിക്കാൻ മരുന്ന് നൽകേണ്ട ചുമതല സർക്കാരിനുണ്ട്. ഇത്തരം രോഗങ്ങളുടെ കാര്യത്തിലെങ്കിലും അത് ചെയ്തേ പറ്റൂ. ക്ഷയരോഗനിവാരണത്തിനും നിയന്ത്രണത്തിനും ഉന്മൂലനത്തിനും വേണ്ടി പ്രവർത്തിക്കേണ്ട സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ആവശ്യത്തിന് ജോലിക്കാരുമുണ്ട്. പ്രവർത്തിക്കാത്ത എക്സ്റേ യൂണിറ്റുകളും അനുസാരികളില്ലാത്ത ലബോറട്ടറികളും മരുന്നില്ലാത്ത ഡിസ്പെൻസറികളും ഇവിടെ സുലഭം!

**അനുസരണക്കേടുകൾ**

മരുന്ന് കൃത്യമായി കഴിക്കേണ്ടതിന്റെ പ്രാധാന്യം പറഞ്ഞുകൊടുത്ത് ആവശ്യത്തിനുള്ള മരുന്ന് സൗജന്യമായി നൽകിയാലും അത് കൃത്യമായി കഴിക്കാൻ കൂട്ടാക്കാത്തവരാണ് പകുതിയിലധികം രോഗികളും. വില കൊടുത്താണ് വാങ്ങുന്നതെങ്കിൽ കഴിക്കാതിരിക്കില്ല. സർക്കാരോ ഏതെങ്കിലും ധർമ്മസ്ഥാപനങ്ങളോ സൗജന്യമായി കൊടുക്കുന്ന മരുന്നിന് 'വില'യില്ലല്ലോ!

"കഫത്തിൽ രോഗാണുക്കൾ ഉള്ളതുകൊണ്ട് അണുനാശിനി ഒഴിച്ച പാത്രത്തിൽ തുപ്പി സുരക്ഷിതമായി നീക്കം ചെയ്യണം" എന്ന നിർദ്ദേശവും പലരും അനുസരിക്കില്ല. തോന്നിയിടത്തൊക്കെ ചുമച്ച് കഫം തുപ്പി, സ്വന്തം രോഗം മറ്റുള്ളവർക്ക് പങ്കുവെച്ചുകൊടുക്കുകയാണ് തങ്ങൾ ചെയ്യുന്നതെന്ന് അവർ അറിയുന്നില്ല.

രണ്ടുമൂന്നാഴ്ചയിലേറെ നീണ്ടുനിൽക്കുന്ന ചുമ, ശരീരം മെലിച്ചിൽ, ഉന്മേഷക്കുറവ്, മിക്കവാറും ഉച്ചയ്ക്കുശേഷം ഉണ്ടാകുന്ന ചെറിയ പനി, വിളർച്ച, ലസികാഗ്രന്ഥികളുടെ വീക്കം, ഉറക്കത്തിൽ വിയർപ്പ്, ചുമച്ചുതുപ്പുന്ന കഫത്തിൽ രക്തം എന്നീ ലക്ഷണങ്ങളിൽ ഏതെങ്കിലുമൊക്കെ ഉണ്ടായാൽ പരിശോധിപ്പിക്കണം. ഇപ്പറഞ്ഞവയിൽ പലതും മറ്റുചില രോഗങ്ങളിലും ഉണ്ടാകാം. അതുകൊണ്ട് ഇങ്ങനെയെന്തെങ്കിലും കണ്ടാൽ ഉടൻ ക്ഷയരോഗമാണെന്ന് തീരുമാനിച്ചുകളയരുത്. ഇതൊക്കെ ചില സൂചനകൾ മാത്രം. വിശദമായ

പരിശോധനയ്ക്ക് ശേഷം മാത്രമേ രോഗനിർണ്ണയം സാധ്യമാവുകയുള്ളൂ.

രോഗത്തിന്റെ ദശ (stage) യേയും ഗൗരവത്തെയും ആശ്രയിച്ച് രോഗലക്ഷണങ്ങളിൽ മാറ്റവും ഏറ്റക്കുറച്ചിലും കാണാം. ലസികാഗ്രന്ഥി, ടോൺസിൽസ്, കുടൽ, തൊലി, എല്ല്, സന്ധി, വൃക്ക, കണ്ണ് എന്നിങ്ങനെ ഏതെങ്കിലും അവയവത്തെ ബാധിക്കുമ്പോൾ അതാതിന്റെ പ്രത്യേക ലക്ഷണങ്ങൾ കാണും. സംശയം തോന്നിയാൽ വിശദമായ പരിശോധനതന്നെയാണ് ആശ്രയിക്കേണ്ട ഏകമാർഗ്ഗം.

വേദന ഒരു ശാപമാണെങ്കിലും അതൊരനുഗ്രഹവുമാകാം. വേദനയുള്ള രോഗി വേഗംതന്നെ പരിശോധനയ്ക്ക് വിധേയനാകുന്നു. സ്വമേധയാ ക്ഷയരോഗം, കുഷ്ഠരോഗം, അർബുദം എന്നിങ്ങനെ ഗൗരവമേറിയ പല രോഗങ്ങളിലും വേദന ഒരു ലക്ഷണമല്ല. അക്കാരണം കൊണ്ടുതന്നെ പരിശോധനയും രോഗനിർണ്ണയവും വൈകിപ്പോകുന്നു.

സാധാരണ ശരീരപരിശോധനയ്ക്കു പുറമേ രക്തപരിശോധന, എക്സ്റേ പരിശോധന, ട്യൂബർക്കുലിൻ പരിശോധന, ബി.സി.ജി. പരിശോധന, കഫം, ആമാശയരസം എന്നിവയുടെ പരിശോധന ഇതെല്ലാം രോഗനിർണ്ണയത്തിന് സഹായകമാണ്.

സാധാരണ ശരീര പരിശോധനകൊണ്ട് പലതും അറിയാൻ കഴിയും. എന്നാൽ രോഗം ആരംഭദിശയിലാണെങ്കിൽ ഈ പരിശോധനകൊണ്ട് വലിയ പ്രയോജനമില്ല. രക്തപരിശോധന നിർണ്ണായകമായ ഒരു തെളിവും തരില്ല. എങ്കിലും ചില സൂചനകൾക്കുപകരിക്കും. എക്സ്റേ പരിശോധന പലപ്പോഴും സഹായകമാണെങ്കിലും ചിലപ്പോൾ സന്ദേഹം മാത്രമേ സമ്മാനിക്കൂ.

**ട്യൂബർക്കുലിൻ പരിശോധന**

ഇതിന് മാന്റോ (Mantonx) ടെസ്റ്റ് എന്നും പറയാറുണ്ട്. നമ്മുടെ നാട്ടിൽ 20 വയസ്സുകഴിഞ്ഞവരിൽ പകുതിയോളം പേരിൽ ഈ പരിശോധനാഫലം നിശ്ചയാത്മക (positive) മായിരിക്കും. അതുകൊണ്ടു മാത്രം ക്ഷയരോഗം ഉണ്ടെന്ന് അർത്ഥമാക്കരുത്. അണുക്കൾ എന്നെങ്കിലും ശരീരത്തിൽ പ്രവേശിച്ചിട്ടുണ്ട് എന്നേ അതിനർത്ഥമുള്ളൂ. ക്ഷയരോഗാണുക്കളിൽ നിന്ന് ശേഖരിച്ച് ശുദ്ധീകരിച്ചെടുത്ത ട്യൂബർക്കുലിൻ എന്ന വസ്തു അതിസൂക്ഷ്മമായ അളവിൽ (ഒരു മില്ലിലിറ്ററിന്റെ പത്തിൽ ഒരുഭാഗം) ഇടത് കൈത്തണ്ടിന്റെ ഉൾഭാഗത്തെ തൊലിയിൽ കുത്തിവയ്ക്കുന്നു. 48 മണിക്കൂറിനുശേഷം 72 മണിക്കൂർ ആകുന്നതിനു മുമ്പ് കുത്തിവച്ചഭാഗം പരിശോധിക്കുമ്പോൾ 12 മില്ലിമീറ്ററിൽ കുറയാത്ത വ്യാസത്തിൽ തടിപ്പുള്ളതായി കണ്ടാൽ പരിശോധനാഫലം നിശ്ചയാത്മകമാണ്. രക്തത്തിലെ വെളുത്ത അണുക്കളിൽ പെട്ട ലിംഫോസൈറ്റു (lymphocytes) കൾ ട്യൂബർക്കുലിൻ കുത്തിവച്ചഭാഗത്തേക്ക് ആകർഷിക്കപ്പെട്ട് തിങ്ങിക്കൂടുന്നു. ചിലപ്പോൾ തീപ്പൊള്ളലേറ്റിട്ടെന്ന പോലെ തൊലിയിൽ ഒരു കുമിളയുണ്ടാകുന്നു (bullus reaction). ഇങ്ങനെ സംഭവിച്ചാൽ സ്വാഭാവിക പ്രതിരോധശേഷി ഇല്ലെന്നോ തീരെ കുറവാണെന്നോ മനസ്സിലാക്കണം. പക്ഷേ രോഗാണുക്കളോടുള്ള പ്രതികരണക്ഷമത (sensitivity) വളരെ കൂടുതലാണെന്നും അറിയണം. ഇങ്ങനെ കണ്ടാൽ പ്രകടമായ രോഗം ഇല്ലെങ്കിൽ പോലും തീവ്രമായ ക്ഷയരോഗം ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടി കണ്ട് ഉടൻതന്നെ സജീവ ചികിത്സ ആരംഭിക്കണം.

കുട്ടികളുടേയും ചെറുപ്പക്കാരുടേയും കാര്യത്തിലാണ് ട്യൂബർക്കുലിൻ പരിശോധനയുടെ പ്രാധാന്യവും പ്രസക്തിയും ഏറുന്നത്. രോഗിയുടെ കുടുംബാംഗങ്ങളാണെങ്കിൽ രോഗനിർണ്ണയത്തിന് ഈ പരിശോധന അത്യന്താപേക്ഷിതമാണ്. ഇങ്ങനെയുള്ളവരിൽ എന്തെങ്കിലും അസുഖ ലക്ഷണങ്ങൾ ഉള്ളതായി കണ്ടാൽ ഉടൻ ട്യൂബർക്കുലിൻ പരിശോധന നടത്തണം. ഈ പരിശോധന മുൻപ് നടത്തിയിട്ടില്ലെങ്കിൽ മാത്രം. പരിശോധനാഫലം നിഷേധാത്മകമാണെങ്കിൽ ആറ് ആഴ്ചയ്ക്കുള്ളിൽ വീണ്ടും പരിശോധിക്കണം. എന്നിട്ടും പ്രതികരണമില്ലെങ്കിൽ ക്ഷയരോഗബാധ ഉണ്ടായിട്ടില്ലെന്നു കരുതാം.

എന്നാൽ ഈ പരിശോധനാഫലത്തെ നൂറ്ശതമാനവും വിശ്വസിച്ചുകൂടാ. കഠിനമായ അനാരോഗ്യം, പ്രായാധിക്യം, പോഷണക്കുറവ് എന്നിവകൊണ്ടോ, മിലിയറി ക്ഷയരോഗം, സാർക്കോയ്ഡോസിസ്, ഹോജ്കിൻസ് രോഗം, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾ കൊണ്ടോ കണക്കിലേറെ കോർട്ടിസോൺ ഉപയോഗിച്ചതുകൊണ്ടോ ശരീരത്തിന്റെ പ്രതിരോധയന്ത്രം നിശ്ചലമാണെങ്കിൽ ഒരു പ്രതികരണവും ഉണ്ടാകില്ല. ട്യൂബർക്കുലിൻ പരിശോധനയെത്തന്നെ അർത്ഥശൂന്യമാക്കുന്ന ഈ പ്രതിസന്ധി അത്യപൂർവ്വമാണെന്ന് സമാധാനിക്കാം. ഇത് ബി.സി.ജി. പരിശോധനയ്ക്കും ബാധകമാണ്. നേരത്തേ ബി.സി.ജി. വാക്സിൻ എടുത്തിട്ടുള്ളവരിൽ ട്യൂബർക്കുലിൻ പരിശോധനയ്ക്ക് പ്രസക്തിയില്ല.

ബി.സി.ജി. (Bacille Calmette Guerin) വാക്സിൻ രോഗനിർണ്ണയത്തിന് ഇടതു കൈയുടെ (ഇടങ്കയ്യനാണെങ്കിൽ വലതുകൈയുടെ) മേൽഭാഗത്തായി തോളിനോടു ചേർന്ന് തൊലിയിൽ ഈ വാക്സിൻ അല്പം (ഒരു മില്ലിലിറ്റിന്റെ പത്തിലൊരംശം) കുത്തിവയ്ക്കുന്നു. ആറ് ആഴ്ചയ്ക്കുശേഷം പരിശോധിക്കുമ്പോൾ അഞ്ച് മില്ലീമീറ്ററിൽ കൂടുതൽ വ്യാസമുള്ള തടിപ്പുകണ്ടാൽ രോഗാണുബാധ ഉണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കാം. മുൻപു പറഞ്ഞ പരിമിതികൾ മനസ്സിൽ ഉണ്ടാകണമെന്നു മാത്രം.

ചുമച്ചു തുപ്പുന്ന കഫം വേണ്ടിവന്നാൽ മൂന്നുവട്ടമെങ്കിലും ആവർത്തിച്ച് പരിശോധിച്ച് രോഗാണുക്കളെ കണ്ടെത്താൻ ശ്രമിക്കണം. കണ്ടുകിട്ടിയാൽ അതിനേക്കാൾ നിർണ്ണായകമായ മറ്റൊരു തെളിവുമില്ല. ചുമച്ച്

തുപ്പുന്ന കഫം ആവശ്യത്തിന് കിട്ടാത്തപക്ഷം അതല്ലെങ്കിൽ ആ കഫത്തിന്റെ പരിശോധനാഫലം നിഷേധാത്മകമായിരുന്നാൽ ശ്വാസനാളത്തിന്റെ ഏറ്റവും മുകളിലത്തെ ഭാഗത്തുനിന്ന് പഞ്ഞികൊണ്ട് തൂത്തെടുക്കുന്ന കഫം പരിശോധിച്ച് രോഗാണുക്കളെ കണ്ടുപിടിക്കാൻ ശ്രമിക്കാവുന്നതാണ്. വേണ്ടിവന്നാൽ ഇതും മൂന്നോ നാലോ പ്രാവശ്യം ആവർത്തിക്കണം. ഈ പരിശോധനകളിൽ ഫലം നിഷേധാത്മകമായാലും രോഗമുണ്ടായിരിക്കാനുള്ള സാധ്യത തള്ളിക്കളയാൻ വയ്യ.

രാവിലെ വെറുംവയറ്റിൽ നിന്ന് ശേഖരിച്ച ആമാശയരസം ആവർത്തിച്ച് കൾച്ചർ ചെയ്തും രോഗാണുക്കളെ തേടാവുന്നതാണ്.

**പ്രതിരോധമാർഗ്ഗങ്ങൾ**

തുറന്ന രോഗമുള്ളവരെ (കഫത്തിൽ രോഗാണുക്കൾ ഉള്ളവർ) മറ്റുള്ളവരിൽ നിന്ന് മാറ്റി പാർപ്പിക്കണം. രോഗാണുക്കളെ വഹിക്കുന്ന വസ്തുക്കളെ (ഉദാ: കഫം) ശ്രദ്ധാപൂർവ്വം ശേഖരിച്ച് നശിപ്പിക്കണം. ബി.സി.ജി. വാക്സിൻ കഴിയുന്നത്ര നേരത്തേ കൊടുക്കുക. മാതാവ് ക്ഷയരോഗിയാണെങ്കിൽ കുഞ്ഞിന് ജനിച്ചയുടൻ വാക്സിൻ കൊടുക്കണം. നമ്മുടെ നാട്ടിൽ രോഗബാധയ്ക്കുള്ള സാധ്യത വളരെ കൂടുതലാകയാൽ എത്രയുംവേഗം വാക്സിൻ കുത്തിവയ്ക്കുന്നതാണുത്തമം.

ബി.സി.ജി. വാക്സിൻ അത്യപൂർവ്വമായി രോഗമുണ്ടാക്കാറുണ്ട് എന്നും അറിഞ്ഞിരിക്കണം. കുത്തിവച്ച ഭാഗത്ത് വ്രണം ഉണ്ടാവുകയും അത് പതിമൂന്നാഴ്ചയ്ക്കുശേഷവും സാധാരണ ചികിത്സകൊണ്ട് പൊറുക്കാതിരിക്കുകയും ചെയ്താൽ അതിനെ ക്ഷയരോഗം കൊണ്ടുതന്നെയുള്ള വ്രണമെന്ന് മനസ്സിലാക്കി അതിനുവേണ്ട ചികിത്സ ചെയ്യണം. പ്രതിരോധശേഷിക്കുറവിന് പ്രകടമായ കാരണങ്ങളുണ്ടെങ്കിൽ ബി.സി.ജി. കൊടുത്തുകൂടാ.

ഔഷധങ്ങളുടെ ചേരുവ കൃത്യമായ അളവിൽ വേണ്ടത്രകാലം ഉപയോഗിക്കുന്നതു തന്നെയാണ് പ്രധാന ചികിത്സാരീതി. വലിയ അസ്വാസ്ഥ്യമൊന്നുമില്ലാത്തവരെ ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ട കാര്യമില്ല. മരുന്നുകൾ ഉപയോഗിക്കുന്നതിനു പുറമേ ആവശ്യമായ വിശ്രമവും പോഷകാഹാരവും നൽകി അവരെ വീട്ടിൽത്തന്നെ താമസിക്കാൻ അനുവദിക്കാം. രോഗത്തിന്റെ ആദ്യദശയിൽത്തന്നെ കണ്ടുപിടിക്കപ്പെടുന്നതാണുത്തമം. അങ്ങനെയുള്ളവർക്ക് സാധാരണഗതിയിൽ ജോലിയും മറ്റും തുടർന്നുകൊണ്ടുതന്നെ ചികിത്സ നടത്താവുന്നതാണ്. അവരിൽ നിന്ന് മറ്റുള്ളവർക്ക് രോഗം പകരുകയുമില്ല.

പുതിയ വിലകൂടിയ മരുന്നുകൾ സാധാരണഗതിയിൽ ആവശ്യമില്ല. മാത്രമല്ല, ഉപദ്രകരങ്ങളായ ചില പാർശ്വഫലങ്ങളും അവയുടെ ഉപയോഗത്തെ തുടർന്ന് ഉണ്ടായെന്നുവരാം. എന്നിരുന്നാലും സാധാരണ മരുന്നുകൾ വേണ്ടത്ര ഫലപ്രദമാകാതിരുന്നാൽ അവയെത്തന്നെ ആശ്രയിക്കേണ്ടിവരും.

ചുമച്ചുതുപ്പുന്ന കഫത്തിൽ രോഗാണുക്കൾ ഉള്ളവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടതാണ്. അവർക്ക് പ്രത്യേക പരിചരണവും നല്ല ഭക്ഷണവും വിശ്രമവും സജീവ ചികിത്സയും കിട്ടാനും മറ്റുള്ളവർക്ക് രോഗം പകരാതെ മാറ്റി പാർപ്പിക്കാനും വേണ്ടിയാണ് ഈ നടപടി. കുറെ കാലം ഇങ്ങനെ ചികിത്സിച്ചശേഷം തുടർച്ചയായ മൂന്നോ നാലോ പരിശോധനയിൽ കഫത്തിന്റെ രോഗാണുക്കൾ ഇല്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷം ചികിത്സ തുടരുന്നതിന് ഉള്ള നിർദ്ദേശങ്ങൾ കൊടുത്ത് വീട്ടിൽ അയയ്ക്കാം.

ഫലപ്രദമായ മരുന്നുകൾ നിശ്ചിതമായ അളവിൽ മുടങ്ങാതെ ഉപയോഗിച്ചാൽ കുറച്ചുകാലം കൊണ്ടുതന്നെ (ചിലപ്പോൾ ആഴ്ചകൾ മാത്രം) രോഗാണുക്കൾക്ക് രോഗം പകർത്തുവാനുള്ള ശേഷി നഷ്ടപ്പെടും. അങ്ങനെയുള്ളവരെ ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ട ആവശ്യമില്ലെന്നതാണ് ഏറ്റവും പുതിയ ചിന്താഗതി. പാശ്ചാത്യരാജ്യങ്ങളിൽ ഇത് പ്രായോഗികമാണ്. എന്നാൽ മുൻപ് വിവരിച്ചതുപോലെ ഭാരതത്തിലെ രേഗികളുടെ പ്രത്യേകതകൾ പരിഗണിക്കുമ്പോൾ ഇവിടെ ഇത് നടപ്പിലാക്കാൻ പ്രായോഗിക വൈഷമ്യങ്ങളുണ്ട്.

ഔഷധങ്ങൾ കൊണ്ടുതന്നെ ക്ഷയരോഗ ചികിത്സ ഫലപ്രദമായി നടത്താൻ കഴിയുന്ന ഇക്കാലത്ത് അപൂർവ്വമായി മാത്രമേ ശസ്ത്രക്രിയ വേണ്ടിവരുന്നുള്ളൂ. എന്നിരിക്കിലും ക്ഷയരോഗബാധയിൽ ഏറെ നാശം സംഭവിച്ച ശ്വാസകോശഖണ്ഡങ്ങൾ (pulmonary segments) അസ്ഥിസന്ധികൾ, വൃക്കകൾ എന്നിവയിൽ ചിലതിനെങ്കിലും അത്യപൂർവ്വമായി കത്തി പ്രയോഗിക്കേണ്ടിവരുന്നു. ശ്വസകോശത്തിന്റെ ആവരണങ്ങൾക്കിടയിൽ പഴുപ്പു കെട്ടിനിന്നാലും ചിലപ്പോൾ ശസ്ത്രക്രിയതന്നെ വേണ്ടിവരും.

ക്ഷയരോഗത്തിന്റെ മാത്രമല്ല മറ്റു പലരോഗങ്ങളുടെയും ചികിത്സാരംഗങ്ങളിലെ അപര്യാപ്തതകൾ കാണുമ്പോൾ ഓർത്തുപോകുന്നു. 'എല്ലാവർക്കും ആരോഗ്യം' എന്ന ലോകാരോഗ്യസംഘടനയുടെ മോഹനമായ ലക്ഷ്യത്തിൽ നിന്ന് ഇന്നും നമ്മളെത്രയോ അകലെയാണ്!


## അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

1 വർഷത്തേക്ക് - 100 രൂ.
ആയുഷ്ക്കാലം - 1000 രൂ.
വിദേശത്ത് - 4000 രൂ. (100 ഡോളർ)

ലേഖനം

# അറിയുക അഥവാ പരിഗ്രഹിക്കുക

ഫാ. ഡോ. ജോർജ് കോശി, ന്യൂയോർക്ക്

വിശുദ്ധ വേദപുസ്തകത്തിൽ വിവാഹത്തിനും വിവാഹിതരുടെ ശാരീരിക സംയോഗതതിനുമുപയോഗിക്കുന്ന പദം അറിയുക അഥവാ പരിഗ്രഹിക്കുക എന്നതാണ്. ആ വാക്ക് ഉപയോഗിക്കുന്നതിലൂടെ വൈവാഹിക ബന്ധത്തിന്റെ പ്രത്യേകതയെ, അതിലുപരി ആ ബന്ധത്തിന്റെ അതിശ്രേഷ്ഠതയെ തിരുവചനം വ്യക്തമാക്കുന്നു. വി. മാമോദീസ് ജ്ഞാനസ്നാന ശുശ്രൂഷയാണ്. ദൈവത്തെ അറി ഞ്ഞു ആരാധിച്ചു അനുഗമിക്കുന്നതാണല്ലോ യഥാർത്ഥ ഭക്തി. അതിനുള്ള വരവും കൃപയും അറിവുമാണ് ജ്ഞാനസ്നാനത്തിലൂടെ ആവാഹിക്കുന്നത്. വിവാഹ കൂദാശ വഴിയായി പങ്കാളിയെ ശരിയായി അറിയുവാനും ദമ്പദികളുടെ അന്യോന്യമുള്ള ആഴമായ അറിവിലൂടെ ദൈവസൃഷ്ടിയുടെ മഹത്വവും മനോഹരത്വവും ഉൾക്കൊള്ളുവാനുമിടയാകുന്നു. ആ അറിവ് ദമ്പതികൾ ഇരുവർക്കും ദൈവത്തെ അറിയുവാനും ആരാധിക്കുവാനുമുള്ള നിമിത്തവും ദൈവീകരണത്തിനുള്ള മാർഗ്ഗവുമാണ്.

വേദപുസ്തകത്തിൽ ലൈംഗികത (Sex) എന്ന വാക്കില്ല. ഇംഗ്ലീഷ് ഭാഷയിൽ Sexuality എന്ന പദം ആദ്യമായി ഉപയോഗിച്ചതു വൈക്ലിഫിന്റെ (Wyclife) 1382 ലെ വേദപുസ്തക പരിഭാഷയിലാണ്. (Sex എന്ന വാക്കു Sexus എന്ന ലാറ്റിൻ പദത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. വിഭജിക്കുക എന്നാണിതിന്റെ അർത്ഥം. ഒന്നായിത്തീരുന്ന പ്രക്രിയയ്ക്കു വിഭജിക്കുക എന്ന വാക്ക് ഉപയോഗിക്കുക വൈരുദ്ധ്യമായി തോന്നാം. പുരുഷനും സ്ത്രീയും തമ്മിലുള്ള ശാരീരിക ഘടനയിലെ വ്യത്യാസം മൂലമോ, ആദാമിൽ നിന്നു ഹവ്വായെ വേർപെടുത്തി സൃഷ്ടിച്ചതോ ആയിരിക്കും സൂചന). പിന്നെ ആ വാക്കിനു അത്ര പ്രചാരം ലഭിച്ചില്ല. Oxford Dictionary യിൽ Sexual Intercourse എന്ന പ്രയോഗം സ്ഥാനം പിടിച്ചതു 1799–ലാണ്. അതിനു വളരെ ശേഷമാണ് ലൈഗീകാവയവങ്ങൾ, ലൈംഗിക പാപങ്ങൾ മുതലായി ലൈഗികതയുമായി ബന്ധപ്പെട്ട വളരെയേറെ പദങ്ങളും പ്രയോഗങ്ങളും പ്രചാരത്തിലായത്. പ്രത്യേകിച്ചും പത്തൊൻപത്, ഇരുപത്, നൂറ്റാണ്ടുകളിലാണു ലൈംഗീകതയുടെ അതിപ്രസരമാരംഭിച്ചത്. അതേ കാലഘട്ടത്തിലും തുടർന്നുമാണു ഏതു ഭാഷയിലെയും അശ്ലീല പദങ്ങൾ (തെറി പ്രയോഗങ്ങൾ) ലൈംഗീകതയുമായി ബന്ധപ്പെട്ടതാകാൻ ഇടയായതും. മാത്രമല്ല ലൈംഗീകതയെ കേവലം ശരീരവുമായി ബന്ധപ്പെടുത്തിയുള്ള വികലമായ വീക്ഷണത്തിലേക്കു നയിക്കുന്ന ചിന്താധാരകൾ പരക്കെ രൂപമെടുക്കുകയും ചെയ്തു.

**വേദപുസ്തകവും സ്ത്രീപുരുഷ ബന്ധങ്ങളും**

വേദ പുസ്തകം സ്ത്രീപുരുഷ ബന്ധങ്ങളെക്കുറിച്ചു മറ കൂടാതെ എഴുതിയിട്ടുണ്ട്. പവിത്രമായി ആ ബന്ധം പരിരക്ഷിച്ചവരുടേയും അതിൽ പരാജയപ്പെട്ടു പൈതൃരീതികൾ പകർത്തി വീഴ്ച ഭവിച്ചവരുടേയും പ്രവൃത്തികളുടെ വിശദവിവരങ്ങൾ ഒളിച്ചു വയ്ക്കാൻ തിരുവചനം ശ്രമിച്ചിട്ടില്ല. എന്തിന്, പല നൂറ്റാണ്ടുകൾ ക്കു മുമ്പു രൂപീകൃതമായ സഭയുടെ ആരാധനകളിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകളിൽ പോലും ആധുനിക കാലത്തു സാധാരണക്കാർ സംഭാഷണ ഭാഷയിൽ ഉപയോഗിക്കുവാൻ വൈമുഖ്യം കാണിക്കുന്ന വാക്കുകളും പ്രയോഗങ്ങളും വളരെയുണ്ട്. ഒരു ഉദാഹരണം 'ശീഹ്മാ' (പൊതു നമസ്ക്കാരമെന്നറിയപ്പെടുന്ന കാനോനിക നമസ്കാരക്രമമാണ്. സുറിയാനിയിൽ നിന്നും വിവർത്തനം ചെയ്തിട്ടുള്ള അതിലെ മലയാള ഗാനങ്ങളിൽ 'കന്യാമുദ്രക്കഴിവന്യേ,' 'വേഴ്ചപ്പെടാതവൾ ഗർഭിണിയായി,' 'അവിവാഹിതയായി നരബീജം കൂടാതെ സുതനെ പ്രസവിച്ചാൾ' മുതലായ പ്രയോഗങ്ങൾ കാണാവുന്നതാണ്. ഈ കഴിഞ്ഞ നൂറ്റാണ്ടിലോ അടുത്ത കാലത്തോ രചിക്കപ്പെട്ടതായിരുന്നു ഈ പ്രാർത്ഥനകളെങ്കിൽ ഈ പ്രയോഗങ്ങൾക്കെല്ലാം പൈത്യം കൽപ്പിച്ചു പരിത്യജിക്കുമായിരുന്നു. സ്ത്രീ പുരുഷ ബന്ധവും അവയോടു ബന്ധപ്പെട്ടവയും മനുഷ്യന്റെ ഇതര കാര്യങ്ങൾ പോലെയാണ്. വളരെ മുമ്പു വീക്ഷിച്ചിരുന്നതെന്നുള്ളതിന്റെ തെളിവുകളാണവ. മനുഷ്യരുടെ സാധാരണ ജീവിതത്തിന്റെ ഭാഗമായി ദാമ്പത്യ ബന്ധം കരുതിയിരുന്നുവെങ്കിലും അതു ശ്രേഷ്ഠവും വിശുദ്ധവും സ്വീകാര്യവും സ്വകാര്യവുമായിരുന്നു.

**അറിയുക അഥവാ പരിഗ്രഹിക്കുക**

എബ്രായ ഭാഷയിൽ അറിയുക, അഥവാ പരിഗ്രഹിക്കുക എന്നുള്ളതിനു ഉപയോഗിച്ചിരിക്കുന്നതു യാദാ (yada) എന്ന വാക്കാണ്. അറിയുക, അനുഭവിക്കുക, കണ്ടെത്തുക, ഉൾക്കൊള്ളുക, വിവാഹിതരാകുക, സ്നേഹത്തോടെ അന്യോന്യം പകരുക, പങ്കു വയ്ക്കുക, എന്നെല്ലാമുള്ള അർത്ഥമതിനുണ്ട്. ദാമ്പത്യ ശാരീരിക ബന്ധത്തിലുൾക്കൊള്ളുന്നതു ആഴവും ദൃഢവുമായ അറിവും അന്യോന്യമുള്ള സംസർഗ്ഗവുമാണ്. വ്യക്തിപരമായ അനുഭവം പകരുന്നതാണ് ആ അറിവ്. പരിഗ്രഹിക്കുക എന്ന പദം ആഴമായി അറിയുക എന്ന ആശയവും ഉൾക്കൊള്ളുന്നുണ്ടല്ലോ. വിജ്ഞാനം പകരുന്ന പതിവ് അറിവിലൊതുങ്ങുന്നതല്ല. ആ വാക്കിന്റെ അർത്ഥവും ആ വാക്ക് ഉൾക്കൊള്ളുന്ന ആശയതലങ്ങളും ബുദ്ധിയുമായി മാത്രം ബന്ധപ്പെട്ടും ശാരീരിക

വേഴ്ചയിലും ഒതുക്കാവുന്നതുമല്ല അത്. സമ്പൂർണ്ണമായി സ്വയം വെളിപ്പെടുത്തുകയും പങ്കു വയ്ക്കുകയും ചെയ്തുകൊണ്ടു പകരുകയും ഒപ്പം ഉൾക്കൊള്ളുകയും ചെയ്യുന്ന അനുഭവത്തിലധിഷ്ഠിതമായ അറിവാണത്. അന്യോന്യമുള്ള നിഗൂഢ സംസർഗ്ഗത്തിലാണു ആ അറിവ് സ്വീകരിക്കുകയും നൽകുകയും ചെയ്യുക. ആദാം ഹവ്വായെ അറിഞ്ഞതു കേവലം ശാരീരിക ബന്ധത്തിലുള്ള പങ്കാളി എന്ന നിലയിലല്ല; തന്നേപ്പോലെ ദൈവ സാദൃശ്യവും ഛായയുമുള്ള മനുഷ്യസൃ ഷ്ടി, സ്വജീവൻ ശാരീരിക ബന്ധത്തിലൂടെ പങ്കുവയ്ക്കുന്ന സമസൃഷ്ടി എന്ന നിലയിലാണ്.

നീ യഹോവയെ അറിയും (ഹോശാ. 2.20). ഇവിടെ ഹോശായ പ്രവാചകൻ യഹോവയും തന്റെ സ്വന്ത ജനവും തമ്മിലുള്ള ബന്ധത്തെ ദാമ്പത്യജീവിതത്തിലെ ഒരുമയുടെ ഉപമയുമായിട്ടാണു അനുബന്ധപ്പെടുത്തിയിരിക്കുന്നത്. മറ്റു എല്ലാ പരിജ്ഞാനത്തേക്കാളും ഉദാത്തവും ദൈവികവും നിർമ്മലവും നിഗൂഢവുമാണല്ലോ ദൈവത്തെ അറിയുക എന്നത്. ഈ ദിവ്യ അറിവിനെക്കുറിച്ചു പൗലോസ് അപ്പൊസ്തലൻ സാക്ഷിക്കുന്നു. ഇപ്പോൾ ഞാൻ ഭാഗികമായി അറിയുന്നു. അപ്പോഴാകട്ടെ ദൈവം എന്നെ പൂർണ്ണമായി അറിയുന്നതുപോലെ ഞാനും പൂർണ്ണമായി അറിയും. (1 കൊരിന്തി 13:12, പി.ഒ.സി. ബൈബിൾ) ..ഗലാത്യ ലേഖനത്തിൽ അദ്ദേഹം എഴുതുന്നു. ഇപ്പോഴോ ഞാൻ ദൈവത്തെ അറിഞ്ഞു. (1 ഗലാത്യ 4:9) സർവ്വേശ്വരനുമായുള്ള ശക്തവും ശ്രേഷ്ഠവുമായ ബന്ധത്തിന്റെ ആഴത്തെയാണു അറിവ് എന്ന പദം വിന്യസിക്കുന്നതും വിശേഷിപ്പിക്കുന്നതും. ആ അറിവിനോടു അനുബന്ധപ്പെടുത്തിയാണു ദാമ്പത്യബന്ധത്തെ വീക്ഷിക്കുന്നത്.

**ദാമ്പത്യബന്ധത്തിലെ അറിവിന്റെ അനുപമസ്ഥാനം**

അറിവ് പൊതുവെ ഗുരുക്കന്മാരിൽ നിന്നും ക്ലാസ്സ് മുറികളിൽ നിന്നും അതുപോലെ ബുദ്ധികൊണ്ടും വായിച്ചും കേട്ടും കണ്ടും മറ്റും ലഭിക്കുന്നതാണ്. അതിൽ നിന്നു അമ്പേ ഭിന്നമാണ് വിവാഹബന്ധത്തിലെ അറിവ്. അതു ആശയങ്ങളിലൂടെയും അക്ഷരങ്ങളിലൂടെയും സ്വീകരിക്കുവാനാവാത്തതാണ്; അനുഭവത്തിലൂടെ ആവാഹിക്കേണ്ടതാണ്. സാധാരണ അറിവ് ഒരാളിൽ നിന്നു മറ്റൊരാളിലേക്കു പകരുന്നതാണെങ്കിൽ ഇവിടെ ഇരുവരും ഭാഗഭാക്കാകുന്നതും അന്യോന്യം പങ്കുവയ്ക്കുന്നതുമാണ്. പതിവറിവ് വ്യക്തിഗതമാണ്. ഒരു വ്യക്തിയെക്കുറിച്ചു-വസ്തുവിനെക്കുറിച്ചു-ആ വ്യക്തിയുടെ സമ്മതമോ സഹകരണമോ ഇല്ലാതെ മറ്റൊരുവനു അറിവു തേടാം; നേടാം. ശാരീരിക ബന്ധത്തിലെ അറിവ ഇരുവരും സംയോജിക്കുമ്പോഴുണ്ടാകുന്നതാണ്. ഇരുവരുടേയും പങ്കാളിത്തത്തിന്റെയും ഐക്യത്തിന്റെയും പ്രതിഫലവും പ്രതിഫലനവുമാണത്. പല അറിവുകളും മറ്റുള്ളവർക്കു പകർന്നു കൊടുക്കുവാൻ കഴിയും. മാത്രമല്ല പകരുന്തോറും അറിവ് ഏറുകയും ചെയ്യും. ഈ അറിവ് ഇണയൊഴിച്ചുള്ളവർക്കു പകരാവുന്നതല്ല. ഉൾക്കൊള്ളുവാനുള്ളതുമല്ല.

അറിവുകൾ സാധാരണ പരസ്യമായി പകരുന്നതും സ്വീകരിക്കുന്നതുമാണ്. ദാമ്പത്യബന്ധത്തിലെ അറിവ് രഹസ്യമായി പങ്കുകൊള്ളുകയും പകരുകയും ചെയ്യുന്നു. ഒപ്പം അതും കൗദാശികവുമാണ്. അതായത് അതു ഇരുവരിലും രൂപാന്തരം വരുത്തി ദൈവരാജ്യ ശുശ്രൂഷയിലും അനുഭവത്തിലും ഭാഗഭാക്കാക്കുന്നു. മാത്രമല്ല, പുതുജീവൻ പകരാൻ ഇടയാക്കുന്നതുമാണ്. പുതുജീവൻ ദൈവഛായയിലും സാദൃശ്യത്തിലുമുള്ള ദൈവസൃഷ്ടിയായതുകൊണ്ടു ഒരേ സമയം അതു ദൈവികവും മാനുഷികവുമാണ്. അതുകൊണ്ടു തന്നെ പരസ്യമാക്കി അപഹാസ്യവും മലീമസവുമാക്കാനുള്ളതുമല്ലത്. ഈ അറിവിന്റെ അനുഭവവും അനന്തരഫലവും അപ്പോൾ തന്നെ ഉൾക്കൊള്ളുന്നു. ഒപ്പം ജന്മം നൽകാൻ ഇടയുള്ളതുകൊണ്ട് ജന്മജന്മാന്തരങ്ങളിലേക്കു പകരുകയും പടരുകയും ചെയ്യുന്നു.

ദമ്പതികളുടെ ഐക്യത്തിനു അനുപമമായ ഈ അറിവ് അനുപേക്ഷണീയമാണ്. പക്ഷേ കേവലം ശരീരത്തിലൊതുങ്ങുന്നതല്ലല്ലോ വൈവാഹിക ബന്ധം. അന്യോന്യമുള്ള സമർപ്പണവും സംസ്സർഗ്ഗവും ദൈവത്തിലാശ്രയിച്ചു ആയുഷ്ക്കാലം അനുസ്യൂതമായി തുടരുമെന്നുള്ളതു വാക്കുകൾക്കതീതമായ വാചാലതയോടെ പകരുന്നതും നുകരുന്നതുമായിരിക്കണം ആ അറിവും ബന്ധവും. ആഴമായി സ്നേഹിക്കുന്നവരും ദൈവിക നൽവരങ്ങളിലൂടെ ഒന്നായിത്തീരുന്നവരുമായ ദമ്പതികളുടെ അറിവും അനുഭവവും വ്യത്യസ്തമായിരിക്കും. അവരുടെ ശാരീരിക സംയോഗം അന്യോന്യമുള്ള, അന്യോന്യം പകരുന്ന അറിവിന്റെ ആകെത്തുകയാണ്. അതു ജഡത്തിന്റെ മോഹങ്ങളിൽ കുടുങ്ങുന്നതിനേക്കാൾ ആത്മാവിന്റെ തുടിപ്പും എടുപ്പുമുള്ളതാണ്. അതിന്റെ ഉയിരും ഉടലും ദിവ്യമയവും. അതുകൊണ്ടാണു അനുദിനം ആ അറിവ് വളർന്നു വർദ്ധിച്ചു വ്യാപിച്ചുകൊണ്ടിരിക്കുന്നത്. ഒട്ടിച്ചേർന്ന് ഒന്നായിത്തീരുന്ന ശാരീരിക സംയോഗത്തിലുപരിയായുള്ള ആയുഷ്കാല പ്രക്രിയയായി അതു പരിണമിക്കുകയും ചെയ്യുന്നു.

അറിയുക എന്ന പദം ശാരീരിക ബന്ധത്തിനുപയോഗിക്കുന്നതിലൂടെ ലൈംഗിക ബന്ധം കേവലം സ്വാർത്ഥ താല്പര്യത്തിനോ ജഡാഭിലാഷ സഫലീകരണത്തിനോ ശമനത്തിനോ ഉള്ള ബാലിശമായ ഒന്നല്ലെന്നുള്ളതു വ്യക്തം. നിമിഷ നേരങ്ങൾകൊണ്ടൊതുങ്ങുന്ന വികാരാവേശ സംതൃപ്തിക്കുള്ളതുമല്ല. അങ്ങനെയുള്ള ഒരു പ്രക്രിയയ്ക്കു അറിവ് അഥവാ പരിഗ്രഹണം എന്നു പറയാവുന്നതു എങ്ങനെ? അറിവിനു പകരം അവിവേകം എന്ന പദമായിരിക്കും ഏറെ അനുയോജ്യം. അതുകൊണ്ടു തന്നെയാണു വിവാഹത്തിനു മുമ്പും പുറ

ത്തുമുള്ള ലൈംഗീക ബന്ധങ്ങളെ സഭയും സുബോധമുള്ള സമൂഹവും ശക്തമായി എതിർക്കുന്നതും ശപ്തമായി കരുതുന്നതും. ഒന്നായിത്തീരുവാൻ കൗദാശിക നൽവരം ലഭിച്ചിട്ടുള്ളവർ ജീവനും ജീവിതവും പങ്കുവച്ച് അന്യോന്യം അറിയുന്നതാണ്. ക്രൈസ്തവവിവാഹ ബന്ധം. അതുകൊണ്ടാണു അറിയുന്തോറും അടുപ്പമേറുന്നത്. കാനായിലെ കല്യാണവിരുന്നിൽ ഏറ്റവും നല്ല വീഞ്ഞു ഏറ്റവും അവസാനം വിളമ്പിയതുപോലെ നാളും മാസവും ആണ്ടും കഴിയുന്തോറും ആഹ്ലാദാനുഭവം വർദ്ധിച്ചു പെരുകുന്നു.

**അറിവിൽ നിന്നകന്നുപോകുന്ന ദാമ്പത്യബന്ധങ്ങൾ**

അറിവ് എന്ന അതിശ്രേഷ്ഠമായ പദത്തിലൂടെ വിന്യസിക്കപ്പെടുന്ന ബന്ധത്തിന് ഉപയോഗിക്കുന്നതും പ്രചാരത്തിലിരിക്കുന്നതുമായ ഭാഷാപ്രയോഗങ്ങൾ, പ്രത്യേകിച്ചും ആംഗലേയ ഭാഷയിൽ, എത്രമാത്രം ബാലിശമായിട്ടാണു അവയെ കാണുന്നതെന്നു വ്യക്തമാക്കുന്നു. അതിലൊന്നാണു ീ ഹെലലു ംശവേ. ഉറക്കവുമായി ബന്ധപ്പെട്ട വാക്കാണത്. ഉറങ്ങുന്ന നേരം ഏതു വ്യക്തിയും ഏറെ അബോധാവസ്ഥയിലാണ്, അഥവാ ഒന്നും അറിയുവാൻ കഴിയാത്ത നില (മരണത്തിനടുത്ത അവസ്ഥയാണല്ലോ നിദ്ര). സ്നേഹത്തിനോ, സഹകരണത്തിനോ, സമർപ്പണത്തിനോ ഉറങ്ങുന്ന വേളയിലെന്തു സ്ഥാനം? പരിസരബോധമോ സമീപിക്കുന്നതു ആരെന്നുള്ള അറിവോ അപ്പോൾ ഉണ്ടാകാനിടയില്ല. സുബോധത്തോടെയും സമർപ്പണത്തോടെയും സ്നേഹത്തിന്റെ പാരമ്യത്തിലൂടെയും നിർവ്വഹിക്കേണ്ട കർമ്മത്തെ പരിതാപകരമായി ഇകഴ്ത്തുന്നതിനും തുച്ഛീകരിക്കുന്നതിനുമേ ആ പ്രയോഗത്തിനു കഴിയുകയുള്ളൂ. മറ്റൊന്നാണു to make love. സ്നേഹത്തെ നിർമ്മിക്കുക എന്നുള്ളതാണല്ലോ അക്ഷരാർത്ഥത്തിലുള്ള അതിന്റെ അർത്ഥം. മറിച്ച്, ശാരീരിക ബന്ധത്തിന്റെ ഫലമായി ആഴവും അനുപമവുമായ, ഒപ്പം ദൃഢവുമായ സ്നേഹബന്ധം ഉരുത്തിരിയുകയാണു പതിവ്. ഒരു പരിധി വരെ സ്നേഹത്തിന്റെ ഫലമായുണ്ടാകുന്നതല്ല വിവാഹം. മറിച്ചു വിവാഹബന്ധത്തിന്റെ പരിണത ഫലമാണ് സ്നേഹം.

Fall in love (സ്നേഹത്തിൽ വീഴുക) എന്നുള്ളതു മറ്റൊരു പ്രയോഗമാണ്. സ്നേഹം വീഴുന്ന ഒന്നല്ല. സാധാരണ കുഴിയിലും ഓടയിലും മറ്റുമാണ് വീഴാറുള്ളത്. ബാലൻസ് തെറ്റുമ്പോഴാണല്ലോ വീഴുക. സ്നേഹം പരിശുദ്ധാത്മ ഫലമാണ്. ഉയർന്നും നിവർന്നും നിൽക്കാൻ എപ്പോഴും സഹായിക്കുന്നതാണ്. പൗലോസ് അപ്പസ്തോലൻ സ്നേഹഗാഥയിൽ (1 കൊരിന്തി. 13) പറയുന്നു, സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല. (love never falls) വീഴുന്ന സ്നേഹത്തിൽ വിവാഹിതരാകുന്നവർക്കു എഴുന്നേൽക്കാനും നിൽക്കാനും നിലനിൽക്കാനും ബുദ്ധിമുട്ടും വൈമനസ്യവും തോന്നിയാൽ അത്ഭുതപ്പെടാനെന്തിരിക്കുന്നു?

സ്ത്രീപുരുഷ ബന്ധത്തിന്റെ സൗന്ദര്യത്തെയും സാരള്യത്തെയും സാത്മകത്തെയും തകർത്തു മിണ്ടാപ്രാണികൾ ഇണചേരുന്ന വൈകൃതാവസ്ഥയിലേക്കു ദാമ്പത്യ ശാരീരിക ബന്ധത്തെ താഴ്ത്തുന്നതിന്റെ വ്യക്തമായ പ്രതിഫലനമാണു വാക്കുകളിൽ പോലും പ്രകടമാകുന്നത്. ദാമ്പത്യബന്ധം വേദപുസ്തക ഭാഷയിലുള്ള അറിവിലേക്കും പരിഗ്രഹണത്തിലേക്കും ഒരു മടക്കയാത്ര (about turn) ചെയ്തിരുന്നുവെങ്കിൽ എന്നു സുബോധമുള്ളവർ സ്വപ്നം കാണുന്നുണ്ടായിരിക്കും!

---

പ്രതികരണം

## ഒരു കത്ത്

[കഴിഞ്ഞ നവംബർ, ഡിസംബർ ലക്കങ്ങളിൽ കണ്ടനാട് ഡയോസിസൻ ബുള്ളറ്റിൻ പ്രസിദ്ധീകരിച്ച ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കത്തുകൾക്കു പ്രതികരണമായി സഭയുടെ മുൻ അല്മായ സെക്രട്ടറിയും മുൻ പഞ്ചായത്ത് ഡയറക്ടറും പി. എസ്. സി. മെമ്പറുമായ എ. കെ. തോമസ് അയച്ച കത്താണിത്–മാനേജിംഗ് എഡിറ്റർ]

അഭിവന്ദ്യ തിരുമേനി,

തിരുമേനി പ്രതീക്ഷിക്കാനിടയില്ലാത്ത ഒരു കത്താണിത്,

"സഭയും സ്ഥാപനങ്ങളും" എന്ന ശീർഷകത്തിൽ മെത്രാപ്പോലീത്തായുടെ കത്ത് ബുള്ളറ്റിനിന്റെ കഴിഞ്ഞ രണ്ടു (നവംബർ, ഡിസംബർ) ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ.

കത്തിന്റെ ഉള്ളടക്കത്തോട് പൂർണ്ണമായ യോജിപ്പുള്ള ഒരാളാണ് ഞാൻ. ആ വിവരം തിരുമേനിയെ അറിയിക്കുക മാത്രമാണ് ഈ കത്തിന്റെ ഉദ്ദേശ്യം.

കത്തിൽ തിരുമേനി പ്രകടിപ്പിച്ചിട്ടുള്ള നിരീക്ഷണങ്ങളും അതോടൊപ്പം അതിലെ നിർദ്ദേശങ്ങളും വളരെ അർത്ഥവത്താണ്. അതനുസരിച്ച് പ്രവർത്തിക്കാൻ സഭാനേതൃത്വം ശ്രമിച്ചെങ്കിൽ എന്ന് ആശിച്ചു പോവുകയാണ്.

അഭിവന്ദ്യ തിരുമേനിക്ക് ക്രിസ്മസിന്റെയും പുതുവത്സരത്തിന്റെയും എല്ലാ ആശംസകളും നേർന്നുകൊണ്ട് കത്ത് ചുരുക്കുന്നു.

Yours in Hope

24.12.14

എ. കെ. തോമസ്

അമ്പിയിൽ, പറക്കോട്,
24.12.2014.

**വേദപഠനം**

അപ്പോ. പ്രവൃ 3:1-10

# ആദിമസഭ ഉയർത്തുന്ന മാതൃകയും വെല്ലുവിളിയും

**ഡോ. തോമസ് അത്താനാസ്യോസ്**

കർത്തൃശിഷ്യന്മാരായ പത്രോസും യോഹന്നാനുംകൂടി യേരുശലേം ദേവാലയത്തിലെ ആരാധനയ്ക്കായി പോകുമ്പോൾ ദേവാലയകവാടത്തിനു മുമ്പിലിരുന്ന് ഭിക്ഷ യാചിക്കുന്ന ഒരു മുടന്തനെ കണ്ടുമുട്ടുന്നതും സുഖപ്പെടുത്തുന്നതുമാണ് ഈ വേദഭാഗത്തെ പ്രമേയം.

ആ മുടന്തൻ മറ്റുള്ളവരോടെന്നപോലെ ശിഷ്യന്മാരോടും ഭിക്ഷ ചോദിക്കുന്നു. അവന് എന്തെങ്കിലും നൽകുകയോ, അവന്റെ യാചന അവഗണിച്ച് കടന്നുപോവുകയോ അവർക്കു ചെയ്യാമായിരുന്നു. എന്നാൽ അവരണ്ടുമല്ല ശിഷ്യന്മാർ ചെയ്തത്. നേരെമറിച്ച് അവരുമായി ആ ചെറു സംഭാഷണത്തിൽ ഏർപ്പെടുകയാണ്. ഒരു ബന്ധസ്ഥാപനത്തിനാണ് അവർ ശ്രമിക്കുന്നത്. പിച്ചക്കാർക്ക് എന്തെങ്കിലും നൽകി അവരെ ഒഴിവാക്കുന്ന പതിവിൽനിന്നും വ്യത്യസ്തമാണ് ഈ സമീപനം. അത് അവന്റെ വ്യക്തിത്വത്തിനുള്ള അംഗീകാരമാണ്. വ്യക്തിപരമായ ഇടപെടൽ കൂടാതെയുള്ള ഭിക്ഷാദാനം പങ്കാളിത്തമില്ലാത്ത പ്രതികരണമാണ്. എന്നാൽ ആ മനുഷ്യന്റെ ആവശ്യം ആരാഞ്ഞ് സഹായിക്കുമ്പോൾ അവൻ അനുഭവിക്കുന്ന സന്തോഷവും മതിപ്പും വലുതാണ്. അതിനാണ് ക്രിസ്തു ശിഷ്യന്മാർ ശ്രമിക്കുന്നത്.

ഭിക്ഷ ചോദിച്ചതിന് മറുപടിയായി പത്രോസ് അവനോടു പറയുന്നത് 'വെള്ളിയും പൊന്നും എനിക്കില്ല' എന്നാണ്. വാസ്തവത്തിൽ വെള്ളിയോ പൊന്നോ അവൻ ചോദിക്കുന്നില്ല. അതവൻ പ്രതീക്ഷിച്ചിരിക്കാനും ഇടയില്ല. അവന്റെ കണക്കുകൂട്ടൽ സാധാരണഗതിയിൽ ഒന്നോ രണ്ടോ ചില്ലിക്കാശു മാത്രമായിരുന്നിരിക്കണം. അത് തങ്ങളുടെ പക്കൽ ഇല്ലെന്നു പത്രോസ് പറയുന്നില്ല. വിചിത്രമായ പ്രതികരണമാണ് അദ്ദേഹത്തിൽ നിന്നുണ്ടാകുന്നത്. ചോദിക്കാത്ത കാര്യം ഇല്ല എന്ന മറുപടി!

ഇവിടെ ഒരു ഭിക്ഷക്കാരനെ നേരിടുന്ന നമ്മുടേതുപോലുള്ള പ്രതികരണമല്ല പത്രോസിൽ നിന്നുണ്ടാകുന്നത്. നാം എന്തെങ്കിലും കൊടുക്കുന്നു എങ്കിൽ അവന്റെ ദൈന്യാവസ്ഥയിൽ അലിവു തോന്നിയായിരിക്കും. അതല്ലെങ്കിൽ അവനെതല്ക്കാലം ഒഴിവാക്കുന്നതായിരിക്കും. അതുമല്ലെങ്കിൽ മറ്റുള്ളവരുടെ മുമ്പിൽ നമ്മുടെ മാനം കാക്കുന്നതിനായിരിക്കും. എന്നാൽ തന്റെ കൈവശമുള്ള ചെറുതുട്ടു നൽകി ആ മുടന്തനായ പിച്ചക്കാരന്റെ പ്രശ്നം തത്ക്കാലം പരിഹരിക്കുവാനല്ല പത്രോസിന്റെ ശ്രമം. അവന് ഭിക്ഷാടനം എന്ന തരംതാണ ഉപജീവനമാർഗ്ഗം ഒഴിവാക്കാൻ കഴിയണമെങ്കിൽ എന്തെങ്കിലും നൽകിയാൽ പോരാ. വെള്ളിയും സ്വർണ്ണവും പോലെ വിലയേറിയ വസ്തുക്കൾ തന്നെ നൽകേണ്ടതുണ്ട്. ചെമ്പുതുട്ടുകൾ നൽകി മുടന്തന്റെ ദുരിതാവസ്ഥക്ക് താത്കാലിക പരിഹാരം കണ്ടെത്താൻ സഹായിക്കുകയല്ല, പ്രത്യുത ഭിക്ഷാടനത്തോടു വിടപറയാൻ തക്ക ധനസഹായമാണ് അവന് ആവശ്യമെന്ന തിരിച്ചറിവ് പത്രോസിനുണ്ട് എന്നാണ് 'സ്വർണ്ണവും വെള്ളിയും തന്റെ കൈവശമില്ല' എന്ന അദ്ദേഹത്തിന്റെ മറുപടി വ്യക്തമാക്കുന്നത്. തന്റെ ശുശ്രൂഷ പിച്ചക്കാരോടുള്ള സാധാരണ കടമ നിർവ്വഹണമല്ല. ദരിദ്രാവസ്ഥയിൽ നിന്നുള്ള അവരുടെ ശാശ്വതമായ കരകയറ്റലാണെന്ന് പത്രോസിനറിയാം. യാചകരുടെ ദുരിതങ്ങൾക്ക് സ്ഥിരമായ പ്രതിവിധി കണ്ടെത്തുകയും അവരുമായി ആത്മബന്ധം സ്ഥാപിച്ച് അവരെ സന്തുഷ്ടരാക്കുകയുമാണ് തന്റെ ധർമ്മമെന്നു അദ്ദേഹം മനസ്സിലാക്കുന്നു എന്ന ധ്വനിയാണ് ഈ പ്രതികരണത്തിലുള്ളത്. എന്നാൽ അതിനുള്ള കൈമുതൽ തനിക്കൊട്ടില്ലതാനും. ഈ അവസ്ഥയ്ക്കുള്ള പരിഹാരമാണ് പത്രോസിന്റെ അന്വേഷണം.

നമ്മുടെ ചുറ്റുപാടും ഇടവകയിലും ഭദ്രാസനത്തിലും സഭയിലും എന്നല്ല രാജ്യത്തെല്ലായിടത്തും അടിസ്ഥാനജീവിത സൗകര്യങ്ങൾ ഇല്ലാത്തവർ ധാരാളമുണ്ട്. അവരുമായി അടുത്തിടപെടുവാൻ നാം ആഗ്രഹിക്കാറില്ല. ഏതെങ്കിലും ആവശ്യവുമായി അവർ നമ്മെ സമീപിച്ചാൽ എന്തെങ്കിലും കൊടുത്ത് അവരെ ഒഴിവാക്കുകയായിരിക്കും നാമൊക്കെ സാധാരണ ചെയ്യുക. അവരുടെ സാഹചര്യം മനസ്സിലാക്കി പ്രശ്നപരിഹാരത്തിന് നാമാരും മെനക്കെടാറില്ല. അതിനു ശ്രമിക്കുക അടിസ്ഥാനപരവും ശാശ്വതവുമായ സമീപനമാണ്. ഇവിടെ പരമദരിദ്രനായ ആ മുടന്തനെ കായികദൗർബല്യവും നീക്കി സ്വയം പര്യാപ്തനാക്കുവാനാണ് പത്രോസ് മാർഗ്ഗമാലോചിക്കുന്നത്. സാമ്പത്തികമായി അതിനു കഴിയാത്തതിനാൽ മറുവഴി തേടുകയാണ് ആ കർത്തൃശിഷ്യൻ. കടമ നിർവ്വഹണത്തിന്റെ പേരിൽ ഒന്നോ രണ്ടോ ചില്ലിക്കാശുകൾ പിച്ച നല്കുന്നതിനപ്പുറം അവനെ സ്വതന്ത്രനും സ്വാശ്രയനുമാക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. ഇത് നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. എന്നാൽ അവന്റെ ദാരിദ്ര്യം മാറ്റാൻ വേണ്ടത്ര പണം തങ്ങളുടെ പക്കൽ ഇല്ലാത്തതിനാൽ ആ കാരണം പറഞ്ഞ് ആ ഭിക്ഷക്കാരനെ കൈവെടിയുന്നുമില്ല. അവനിൽ സ്ഥായിയായ മാറ്റം വരുത്തി അവന്റെ

ദൈന്യത നീക്കാനാണ് ശ്രമം. അവനെ അദ്ധ്വാനിക്കുവാനും അതുവഴി മാന്യമായ ഉപജീവനം നേടുവാനും കഴിയുന്ന അവസ്ഥയിലെത്തിക്കുവാനുമാണ് പത്രോസ് വഴിയാലോചിക്കുന്നത്. മത്സ്യം ആവശ്യമുള്ളവന് അതു നൽകാതെ ചൂണ്ട കൊടുത്ത് മത്സ്യം പിടിക്കാൻ പ്രാപ്തനാക്കുക എന്ന തത്വമാണ് പത്രോസ് പ്രയോഗിക്കുന്നത്. ചൂണ്ട കൈവശമുണ്ടെങ്കിൽ എപ്പോൾ വേണമെങ്കിലും ആവശ്യാനുസരണം മത്സ്യം പിടിച്ചെടുക്കാൻ സാധിക്കുമല്ലോ. മാത്രമല്ല അവന്റെ പങ്കാളിത്തംകൂടി ആവശ്യനിർവ്വഹണത്തിൽ ഉണ്ടാകുകയും ചെയ്യും. തനിക്ക് സ്വർണ്ണവും വെള്ളിയും ഇല്ലെങ്കിലും മറ്റൊന്ന് പത്രോസിനുണ്ട്. അതുപയോഗിച്ച് മുടന്തന് അദ്ധ്വാനശേഷി നൽകി ആ മുടന്തനെ സ്വതന്ത്രനാക്കുകയാണിവിടെ.

തങ്ങൾക്ക് ഇല്ലാത്തത് ദാനം ചെയ്യാനാവുകയില്ല. എങ്കിലും ഉള്ളത് അവനുമായി പങ്കുവയ്ക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കാൻ പത്രോസ് അവനോടാജ്ഞാപിക്കുകയും ചെയ്യുന്നു. പത്രോസ് അവന്റെ നേർക്ക് കൈ നീട്ടി അതിൽ പിടിച്ചെഴുന്നേല്ക്കുവാൻ അവനെസഹായിക്കുന്നു. ദുർബ്ബലമായിരുന്ന അവന്റെ കാലുകൾ പെട്ടെന്ന് ശക്തിപ്രാപിച്ച് അവൻ ചാടി എഴുന്നേൽക്കുന്നു. ഭിക്ഷാടനം ഉപേക്ഷിച്ച് സൗഖ്യം നൽകിയവരോടൊപ്പം അവൻ ദേവാലയത്തിൽ പ്രവേശിക്കുന്നു. അയാളുടെ ജീവിതം സമൂലമായി പരിവർത്തനപ്പെടുന്നു. കൈവന്ന ദേഹ സൗഖ്യം അവന് ഒരു ആത്മീക അനുഭവമായി മാറുന്നു. ആ കർത്തൃശിഷ്യന്മാർ എന്തെങ്കിലും ഭിക്ഷ നല്കി കടന്നുപോയിരുന്നെങ്കിൽ ഇതവനിൽ സാധ്യമാകുമായിരുന്നില്ല.

പത്രോസ് ഇവിടെ തന്റെ കൈയിൽ വെള്ളിയും പൊന്നുമില്ല എന്നു പറയുന്നത് ശ്രദ്ധിക്കുക. ഇതെന്നും സഭയുടെ അവസ്ഥ ആയിരക്കേണ്ടതാണ്. വെള്ളിയും സ്വർണ്ണവും ഇല്ലാത്ത-സമ്പത്തില്ലാത്ത-സ്ഥിതി. ക്രിസ്തു തന്റെ ജീവിതകാലമത്രയും സമ്പന്നനായിരുന്നില്ല. തന്റെ ശിഷ്യസമൂഹവും അതുപോലെ തന്നെയായിരുന്നു. സഭ ഒരിക്കലും ഒരു ധനിക സംവിധാനമാകുവാൻ ക്രിസ്തു ആഗ്രഹിച്ചുമില്ല. ശുശ്രൂഷാനിർവ്വഹണത്തിനും ദരിദ്രരുടെ സംരക്ഷണത്തിനുമല്ലാതെ ധനസംഭരണം സഭയുടെ ലക്ഷ്യമായി ക്രിസ്തു കണ്ടിരുന്നില്ല. സമ്പത്തും, അധികാരവും ആധിപത്യവും ഇല്ലാത്തതാകണം സഭ. പത്രോസിന്റെ വാക്കുകൾ സഭയുടെ സ്വഭാവം വ്യക്തമാക്കുന്നു. വിളിയെ പ്രതിഫലിപ്പിക്കുന്നു. സ്വർണ്ണവും വെള്ളിയുമില്ലാത്ത സഭ. സമ്പത്ത് കൂട്ടിവയ്ക്കാത്ത സമൂഹം. ക്രിസ്തു ശക്തിയാൽ നയിക്കപ്പെടുന്ന ജനത. ഇന്ന് സഭാശുശ്രൂഷകൾ പോലും ധനസമ്പാദനത്തിനായി ഉപോയഗപ്പെടുത്തുന്ന ദു:സ്ഥിതിയാണ്. ധനം സഭയെ ദരിദ്രരിൽ നിന്ന് അകറ്റുന്ന ഘടകമാണെന്നു തിരിച്ചറിയേണ്ടതാണ്.

ഭിക്ഷ യാചിച്ചുകൊണ്ട് ശൂന്യമായ കൈനീട്ടിയ മുടന്തന്റെ നേർക്ക് പത്രോസ് നീട്ടിയത് മറ്റൊരു ശൂന്യമായ കൈയാണ്. എങ്കിലും അതിൽ പിടിക്കുവാൻ ആ പിച്ചക്കാരന് ആ കർഷകമായത് പത്രോസ് പ്രകടമാക്കിയ മനുഷ്യത്വമാണ്. രണ്ടു വെറും കൈകളുടെ കോർത്തുപിടിത്തമാണ് ഇവിടെ നടക്കുന്നത്. രണ്ടു നിർധനരുടെ സ്നേഹസമ്പന്നമായ ഹസ്തദാനം. പരസ്പരം നിഷേധിക്കാനാവാത്ത കൈപിടിത്തം. ദരിദ്രമായ സഭ ദരിദ്രരുമായി ഐക്യദാർഢ്യപ്പെടുകയും അവരെ കൈനീട്ടി സ്വീകരിക്കുകയും ചെയ്യുമ്പോഴാണ് ഐക്യവും കൂട്ടായ്മയും സൃഷ്ടിക്കപ്പെടുന്നതും ശക്തമാകുന്നതും. ഇത് സാധിക്കണമെങ്കിൽ ധനാധിപത്യത്തിൽ നിന്ന് സഭ സ്വതന്ത്രമാകണം. ക്രിസ്തുവിൽ ശക്തിപ്പെടണം. ദരിദ്രർക്കേ ക്രിസ്തുവിനെമനസ്സിലാക്കാനാവൂ. ദരിദ്രമായ സഭക്കേ ദരിദ്രരുമായി താദാത്മ്യപ്പെടാൻ സാധിക്കുകയുള്ളൂ.

(തുടരും)


## SANTHULA TRUST HOSPITAL



**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**

*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

ലേഖനം

# ആത്മാവിൽ ദരിദ്രരായവർ

കെ.വി. എൽദോ

സത്യവേദപുസ്തകത്തിലെ വി. മത്തായിയുടെ സുവിശേഷം 5-ാം അദ്ധ്യായത്തിലെ 3 മുതൽ 10 വരെയുള്ള വചനഭാഗങ്ങളിൽ നമ്മുടെ കർത്താവായ യേശു ഈ ഭൂമിയിലെ സൗഭാഗ്യവാന്മാരാരെല്ലാമാണെന്ന് തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നതായി കാണുന്നു. അതിൽ 3-ാം വാക്യം ഇപ്രകാരം പറയുന്നു. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവരുടേതാണ്." പ്രഥമ വായനയിൽ വളരെ ലളിതവും എന്നാൽ ആലോചിക്കും തോറും വളരെ സങ്കീർണ്ണവുമായ ഒരു സംഗതിയാണ് യേശു ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. ഇതേകാര്യം തന്നെ വി. ലൂക്കോസിന്റെ സുവിശേഷം 6-ാം അദ്ധ്യായം 20-ാം വാക്യത്തിൽ വായിക്കുവാൻ കഴിയും. ഈ രണ്ടുവാക്യങ്ങളും ഒന്നുപോലെ തോന്നുമെങ്കിലും ചില വ്യത്യാസങ്ങൾ ഉണ്ട്. ഇവയെ വേണ്ട വിധം മനസ്സിലാക്കുന്നതിന് ആത്മാവ്, സ്വർഗ്ഗരാജ്യം, ദരിദ്രർ എന്നീ പദങ്ങളെ വേണ്ടവിധം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

ഉല്പത്തി പുസ്തകത്തിൽ ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ പ്രപഞ്ചത്തിന്റേയും അതിലുള്ള സകല ചരാചരങ്ങളുടേയും സൃഷ്ടിയെ വർണ്ണിക്കുന്നു. സൃഷ്ടിയുടെ ആറാം ദിവസം ദൈവം മനുഷ്യസൃഷ്ടി നിർവ്വഹിച്ചു. എങ്ങനെയാണ് മനുഷ്യനെ സൃഷ്ടിച്ചത്? ഒന്നുമില്ലായ്മയിൽ നിന്നാണോ? അല്ല. ഈ പ്രപഞ്ചത്തിലുള്ള വിവിധ മൂലകങ്ങളടങ്ങിയ മണ്ണുകൊണ്ട് പൂർണ്ണ വളർച്ചയെത്തിയ ഒരു പുരുഷരൂപത്തെ മെനഞ്ഞ് അതിന് ആദം എന്ന് പേരിട്ടു. വളരെ അർത്ഥവത്തായനാമം. ആദം എന്ന എബ്രായ വാക്കിന് ചുവപ്പ് നിറമുള്ളവൻ എന്നാണർത്ഥം. തുടർന്ന് ദൈവം ആദാമിന്റെ മൂക്കിൽ ജീവശ്വാസം ഊതി. അപ്പോൾ മൺപ്രതിമ ഒരു ദേഹി (ആത്മാവോടുകൂടിയ ദേഹം) ആയിത്തീർന്നു (ഉല്പ. 2:7). ദൈവാത്മാവ് എന്ന പ്രതിഭാസമാണ് മൺപ്രതിമയെ ദേഹിയാക്കി മാറ്റിയത്. അതായത് മനുഷ്യരിൽ കുടികൊള്ളുന്ന ആത്മാവ് ദൈവഭാവങ്ങളുടെ (സ്നേഹം, കരുണ, കോപം, ക്ഷമ മുതലായവ) മിശ്രിതമാണ്. ഈ ആത്മാവ് ആയുധങ്ങളാൽ മുറിക്കപ്പെടാത്തത് തീയാൽ ദഹിപ്പിക്കപ്പെടാത്തത് ജലത്താൽ അണയ്ക്കപ്പെടാൻ സാധിക്കാത്തത് ആണ്. ഇത് നാശമില്ലാത്തത് (നിത്യ). ഇത് എന്നുമുള്ളത് (സനാതന). ഇത് മരണമില്ലാത്തത്. ഇത് സ്രഷ്ടാവിൽ നിന്ന് ഉത്ഭവിച്ച് സ്രഷ്ടാവിലേക്കുതന്നെ മടങ്ങിപ്പോകുന്നതാണ് (സഭാ.പ്ര 12:7). ബലഹീനമായ ജഡത്തെ ഒരുക്കമുള്ളതാക്കുന്നതാണ് ആത്മാവ് (മർക്കോ. 14-37:38). ആത്മാവ് ദൈവം ആകുന്നു (യോഹ. 4-23:24). ആയതിനാലാണ് ആരാധന 'ആത്മാവിലും' 'സത്യത്തിലും' വേണമെന്ന് വി. യോഹന്നാൻ 4-23:24-ൽ നാം വായിക്കുന്നത്. ആത്മാവ് ദൈവചൈതന്യമാകയാൽ നാഥന്മാരുടെ നാഥനും രാജാക്കന്മാരുടെ രാജാവും (വെളി. 17:14). നമ്മുടെ ദൈവവും നമ്മുടെ കർത്താവുമായിട്ടുള്ളവനുമല്ലാതെ മറ്റൊരു ആത്മാവില്ല. വിശുദ്ധനായ പൗലോസിന്റെ ഭാഷയിൽ അവനിലല്ലോ ദൈവത്തിന്റെ സകല തേജസ്സും മനുഷ്യരൂപത്തിലുള്ളത്. 'ഒടുക്കത്തെ ആദം ജീവൻ നൽകുന്ന ആത്മാവ്' (1 കൊരി. 15:46). അതായത് ആത്മാവ് എന്നാൽ യേശുക്രിസ്തു എന്നാണ് ക്രിസ്ത്യാനികൾ ധരിക്കേണ്ടത്.

ദരിദ്രർ ആർത്തിയുള്ളവരാണ്. ആർത്തിയുള്ളവർ ശക്തമായി തള്ളിക്കയറും. അങ്ങനെ തള്ളിക്കയറുന്നവരാണ് സ്വർഗ്ഗരാജ്യം കരസ്ഥമാക്കുന്നത് (വി. മത്തായി 11-11:12). വി. മത്തായി 5:3-ൽ യേശു അർത്ഥമാക്കുന്നത് അവനെത്തന്നെ ലോകരക്ഷിതാവായി സ്വീകരിച്ച്-ലോകത്തിന്റെ പാപം ചുമക്കുന്ന കുഞ്ഞാട്-അവൻ തന്നെ വഴിയും അവൻ തന്നെ സത്യവും അവൻതന്നെ ജീവനും എന്ന് ഗ്രഹിച്ച് അവനെ മാത്രം വാഞ്ഛിച്ച് ആർത്തിയോടെ കാത്തിരിക്കുന്ന വിശ്വാസസമൂഹത്തെയാണ്-അവരാണ് പ്രത്യാശയുള്ളവർ. അവരാണ് ദരിദ്രർ, അവരാണ് ഭാഗ്യവാന്മാർ, അവർക്കാണ് സകല പ്രവാചകന്മാരും സാക്ഷ്യം വഹിച്ചവനും ദൈവപരിജ്ഞാനത്തിന്റെ താക്കോലുമായവനെ ലഭിക്കുന്നത്. അപ്പോ.പ്രവൃ. 10-43

സ്വർഗ്ഗരാജ്യം എന്നാൽ സ്വർഗ്ഗമാണെന്ന് ഒരു തെറ്റിദ്ധാരണ ചിലരുടെ ഇടയിലുണ്ട്. വി. വേദപുസ്തകത്തിലെ ഒന്നാമത്തെ വാക്യം തന്നെ ആദിയിൽ ദൈവം സ്വർഗ്ഗങ്ങളും ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചു എന്നാണ്. അതായത് സ്വർഗ്ഗം ഒന്നിൽ കൂടുതലുണ്ട് എന്ന് സ്പഷ്ടം. വേദപഠിതാക്കൾ സ്വർഗ്ഗം മൂന്നാണെന്ന് ചിന്തിക്കുന്നു. ഒന്നാം സ്വർഗ്ഗം മേഘമണ്ഡലം-രണ്ടാം സ്വർഗ്ഗം-ആകാശവിതാനം മൂന്നാം സ്വർഗ്ഗം-ചന്ദ്ര-സൂര്യമണ്ഡലം ദൈവവും ദൂതന്മാരും വസിക്കുന്ന 'മുകളിലെ' സ്വർഗ്ഗം. ഇതെല്ലാം യഹൂദന്മാരുടെ വിശ്വാസങ്ങളാണ്. ഇതൊന്നും തെളിയിക്കുന്നതിനുള്ള വാക്യങ്ങൾ വി. ഗ്രന്ഥത്തിൽ ലഭ്യമല്ല. എന്നാൽ 2 കൊരി. 12-2:3 പ്രകാരം സ്വർഗ്ഗങ്ങൾ മൂന്നിൽ കുറവല്ല എന്ന് കാണുന്നു. സങ്കീ. 103:19 എഫേ. 4-10 ലും സ്വർഗ്ഗം മുകളിലാണെന്ന് ഉത്തമമായി നമ്മെ ബോധ്യപ്പെടുത്തുന്നു. 'മീതേ സ്വർഗ്ഗത്തിലും' പുറ. 20-4 'സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നവൻ' എഫേ. 4:10 സ്വർഗ്ഗം എന്റെ സിംഹാസനം ഭൂമി എന്റെ പാദപീഠം അപ്പോ 7-49. തുടങ്ങിയവയെല്ലാം സ്വർഗ്ഗം ഭൂമണ്ഡലത്തിന് മുകളിലാണെന്നതിന് ശക്തമായ തെളിവുകളുമാണ്.

യഹൂദന്മാർ സ്വർഗ്ഗത്തെ ബഹുവചനത്തിൽ ഉപയോഗിക്കുന്നു. ദൈവം സ്വർഗ്ഗങ്ങളിൽ വസിക്കുന്നു മത്താ. 6-9, സകല സ്വർഗ്ഗങ്ങൾക്കും മീതേ എഫേ. 4-10 എന്നാൽ യവനന്മാർ സ്വർഗ്ഗത്തെ വേദവചനത്തിൽ ഉപയോഗിക്കുന്നു. നീ മാത്രം യഹോ

RNI No. KERMAL/2012/46014 Date of Publication 15-01-2015, Price Rs. 10/- Licence No. KL/CR/ALU/WPP-02/2013-15
Reg. No. KL/ALY/0067/2013-2015 Licensed to Post Without Pre-payment
DIOCESAN BULLETIN

വ നീ ആകാശത്തേയും സ്വർഗ്ഗാദി സ്വർഗ്ഗങ്ങളേയും ഉണ്ടാക്കി. (തെസ. 9-10). എന്നാൽ പൊതുവിൽ പുരാതന സ്വർഗ്ഗത്തിലാണ് ദൈവം വസിക്കുന്നതെന്ന് എല്ലാവരും വിശ്വസിക്കുന്നു. യോഹ. 3-13:31, അപ്പോ.പ്രവൃ: 1-11,

സുറിയാനി ക്രിസ്ത്യാനികൾ കിഴക്കുഭാഗത്തേയ്ക്കു മാത്രം തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുന്നു. അവരുടെ പള്ളികൾ, കപ്പേളകൾ, കുരിശുകൾ എല്ലാം കിഴക്കു പടിഞ്ഞാറായി സ്ഥിതിചെയ്യുന്നു. പ്രാർത്ഥിക്കുവാൻ ആരംഭിക്കുമ്പോൾ എല്ലാവരും കിഴക്കോട്ടു തിരിഞ്ഞു നിൽക്കുന്നതും കാണാം. ഇതിന് ക്രിസ്തുവിൽ എന്തടിസ്ഥാനമെന്ന് മനസ്സിലാകുന്നില്ല. കിഴക്കിന് യാതൊരു പ്രത്യേകതയും ഉള്ളതായി വേദം പറയുന്നില്ല. എന്നാൽ സത്യവേദപുസ്തകം പറയുന്നു, സ്വർഗ്ഗം വടക്കാണ്, ഉയർച്ച വടക്കുനിന്നുമാണ് വരുന്നതെന്ന്. കിഴക്കു നിന്നല്ല, പടിഞ്ഞാറു നിന്നല്ല, തെക്കുനിന്നുമല്ല ഉയർച്ച വരുന്നത് പിന്നെയെവിടെ നിന്നാണ്? വടക്കു നിന്നാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. യോന. 14-13:15 വരെയുള്ള വാക്യങ്ങളിൽ സാത്താന്റെ ഒരു വിഫല സ്വപ്നം കാണാൻ കഴിയും. "ഞാൻ സ്വർഗ്ഗത്തിൽ കയറും... ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമന പർവ്വതത്തിൽ ഞാൻ ഇരുന്നരുളും." ഇയോബിന്റെ പുസ്തകം പറയുന്നു, "വടക്കുനിന്ന് സ്വർണ്ണശോഭ പോലെ വരുന്നു." മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സിയോൻ (സ്വർഗീയ സിയോൻ) തുടങ്ങിയ പ്രയോഗങ്ങളെല്ലാം പ്രപഞ്ചത്തിന്റെ വടക്കുഭാഗമാണ് സ്വർഗ്ഗം എന്നുള്ളതിന് ശക്തമായ തെളിവുകളാണ്.

സ്വർഗ്ഗരാജ്യവും സ്വർഗ്ഗവും ഒന്നാണെന്നുള്ള തെറ്റിദ്ധാരണ ചിലരുടെ ഇടയിലെങ്കിലുമുണ്ട് എന്ന് സൂചിപ്പിച്ചുവല്ലോ. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും ഒന്നല്ല. സ്വർഗ്ഗരാജ്യം 'വളരുന്നു.' 'പുളിപ്പിക്കുന്നു.' തുടങ്ങിയ കർത്താവിന്റെ ഉപമകൾ ഇത് തെളിയിക്കുന്നു. സ്വർഗ്ഗത്തിൽ 'കളകളില്ല,' 'വിതയ്ക്കുന്നില്ല,' വളരുന്നില്ല,' 'പുളിക്കുന്നില്ല' ഈ ഉപമ ക്രിസ്തീയസഭയെ സംബന്ധിക്കുന്നതാണ്. അപ്പോൾ പിന്നെ 'സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു' എന്ന് യേശു പത്രോസിനോട് പറഞ്ഞതോ? ഈ വാക്യം ശരിക്കു പരിശോധിച്ചാൽ സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ നിനക്ക് തരുന്നുവെന്നുള്ളത് ഒരു പൂർണ്ണവാക്യമല്ല, ഒരു സെമികോളനുശേഷം തുടരുന്നു. 'നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും' എന്നുകൂടി കൂട്ടിച്ചേർത്തിട്ടുണ്ട്. ഈ വാക്യത്തിന്റെ അർത്ഥം ഇതാണ്. സ്വർഗ്ഗീയ രാജ്യത്തിൽ (ക്രിസ്തീയസഭ) പ്രവേശിക്കുവാനുള്ള താക്കോൽ അതായത് സുവിശേഷം വഴി സ്വർഗ്ഗരാജ്യത്തിൽ തുറന്നു പ്രവേശിക്കുവാനും അതിൽ നിന്നും പുറത്താക്കുവാനുമുള്ള അധികാരം നൽകുന്നുവെന്നുമാണ്. അതായത് സുവിശേഷം അംഗീകരിക്കുന്നവരെ ക്രിസ്തീയസഭയിൽ ചേർക്കുന്നതിനും സുവിശേഷത്തിൽ നില നിൽക്കാത്തവരെ സഭയിൽ നിന്നും പുറത്താക്കുവാനുമുള്ള അധികാരം പത്രോസിനു മാത്രമല്ല മറ്റ് ശിഷ്യന്മാർക്കും നൽകപ്പെട്ടതായി മത്താ. 18-18 ൽ വായിക്കുന്നു.

യേശു ഭൂമിയിൽ അവതരിച്ചത് വരുവാനുള്ള തന്റെ രാജ്യം (ദൈവരാജ്യം) പ്രസംഗിക്കുവാനും തന്റെ പിതാവിന്റെ നാമം മഹത്വപ്പെടുത്തുവാനുമാണ്. യേശുവാണ് രാജ്യം യോഹ. 18-36, മർക്കോ. 8-1 നാം വായിക്കുന്നു. 'ദൈവരാജ്യം ശക്തിയോടെ വരുന്നത് കാണുവോളം മരണമാസ്വദിക്കാത്ത ചിലർ ഈ നിൽക്കുന്നവരിലുണ്ട്.' ഇത് സാധാരണക്കാരായ ജനങ്ങളോട് യേശു പറഞ്ഞ വാക്കുകളാണ്. എന്താണ് ഈ വാക്യത്തിന്റെ അർത്ഥം? ഈ പ്രഖ്യാപനത്തിനുശേഷം കർത്താവിന്റെ മനുഷ്യാവതാര കാലം സംഭവബഹുലമായിരുന്നു. എ.ഡി. 29-ൽ (പൊതുയുഗം 33) നിസാൻ മാസം 10-ാം തീയതി വരുവാനുള്ള തന്റെ രാജ്യത്തിന്റെ തലസ്ഥാന നഗരിയായ യെറുശലേമിൽ, മഹാരാജാവായി, കോവർകഴുതയുടെ പുറത്ത് കയറി പ്രവേശിച്ചു. തുടർന്ന് യേശുവിന്റെ പെസഹാ ആഘോഷം സെനിദ്രിം സംഘത്തിന്റെ കുറ്റകരമായ ഗൂഢാലോചന, ഒറ്റിക്കൊടുക്കൽ, നിയമവിരുദ്ധമായ അറസ്റ്റ്, വിചാരണ, റോമൻ കൈസറായ തെബരിയാസിന്റെ പ്രോക്യൂറേറ്ററായ പീലാത്തോസിന്റെ മുമ്പിൽ നിയമവിരുദ്ധമായ വിധിയിലൂടെ വധശിക്ഷ. അവനെ അവർ ഒരു മരത്തിൽ തൂക്കിക്കൊന്നു. അപ്പോ.പ്രവൃ. 28-15:48. ദാനിയേൽ പ്രവചനം പൂർത്തീകരിക്കപ്പെട്ടു (അഭിഷിക്തൻ ഛേദിക്കപ്പെടും).

ഇനിയാണ് വി. മർക്കോ. 9:1-ന്റെ പ്രസക്തി. മരിച്ച് അടക്കപ്പെട്ട യേശു 'മൂന്നു ദിവസം' ഭൂമിയുടെ ഉള്ളിൽ (ശവക്കുഴിയിൽ) മരിച്ചവനായി (ശവമായി) കഴിഞ്ഞു. തുടർന്ന് യേശുവിനെ ദൈവം ഉയർത്തെഴുന്നേൽപ്പിച്ചു. ഉയർത്തെഴുന്നേറ്റ യേശുവിനെ അനേകർ കണ്ടു. 'ചിലരെങ്കിലും മരണം ആസ്വദിക്കയില്ല,' അതേ 'ദൈവരാജ്യം അതിന്റെ പൂർണ്ണശക്തിയോടെ'-ജഡത്തിൽ മരിച്ച് ആത്മാവിലുയർത്തെഴുന്നേറ്റ തേജസ്കരിക്കപ്പെട്ട യേശുവിനെ (ദൈവരാജ്യം) കാണുമെന്നാണ് പ്രസ്തുത വാക്യത്തിൽ യേശു ഉദ്ദേശിച്ചത്. അതുപോലെ തന്നെ ദൈവരാജ്യം എപ്പോൾ വരുമെന്നുള്ള പരീശന്മാരുടെ ചോദ്യത്തിന് യേശുവിന്റെ മറുപടി ഇപ്രകാരമായിരുന്നു. 'ദൈവരാജ്യം നിങ്ങളുടെയിടയിൽത്തന്നെയുണ്ടല്ലോ.' അതായത് യേശു വാകുന്നു 'ദൈവരാജ്യം' എന്ന് യേശു വ്യക്തമാക്കി.

ചുരുക്കത്തിൽ വി. മത്തായി 5:3-ൽ യേശു പറഞ്ഞതിന്റെ അർത്ഥം യേശുവിനായി (ആത്മാവ്) ആർത്തിയോടെ ആഗ്രഹിക്കുന്നവർക്ക് (ദരിദ്രർ) കർത്താവിനെ (സ്വർഗ്ഗരാജ്യം) ലഭിക്കും. ആയവർക്ക് രണ്ടു മരണം ആസ്വദിക്കേണ്ടി വരികയില്ല.

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha